
NERVEEDHI
Volume -13, Issue - 06, 10th June 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-06, ജൂൺ 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി




## എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ

പേജ് 22

Editorial

# ദൈവസൃഷ്ടിയുടെ മകുടം

സർവ്വശക്തന്റെ, 'ഉണ്ടാകട്ടെ' എന്ന വാക്കിനാൽ സകല പ്രപഞ്ചശക്തികളും ഭൂചരജന്തുക്കളും ദൃശ്യവും അദൃശ്യവും ആയ സകലതും സൃഷ്ടിക്കപ്പെട്ടു. എന്നാൽ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സ്വന്ത കൈകളാൽ ദൈവം സൃഷ്ടിച്ചു. ദൈവം മനുഷ്യന്റെ മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. അതിനാൽ മറ്റു യാതൊരു സൃഷ്ടിയിലും ഇല്ലാത്ത ആത്മാവ് മനുഷ്യനിലുണ്ട്. ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും, സ്വതന്ത്രചിത്തമുള്ള മനുഷ്യനു മാത്രമാണ് സാധിക്കുക. ഇക്കാരണങ്ങളാൽ സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ എന്ന് പറയാം. ആത്മാവുള്ള മനുഷ്യൻ ആത്മാക്കളുടെ ഉടയവനായ ദൈവത്തെ അന്വേഷിക്കുന്നുണ്ട്. ദൈവസാന്നിധ്യത്തിനായുള്ള ദാഹവും വാഞ്ചയും അവന്റെ അന്തരാത്മാവിലുണ്ട്. ദൈവത്തെ കണ്ടെത്തുവാനുള്ള ശരിയായ വഴിയറിയാതെ ഭൗതികമായ പല മാർഗ്ഗങ്ങളിലും മനുഷ്യൻ ദൈവത്തെ അന്വേഷിക്കുന്നത് വിഫലമാകുമ്പോഴും അവന്റെ ആന്തരാത്മാവിലെ ദാഹം ശമിപ്പിക്കുവാൻ ഇത്തരം ശ്രമങ്ങൾ തുടരുന്നു. അതായത് അനശ്വരനായ ദൈവത്തിനു മഹത്വം നൽകേണ്ടതിനു പകരം നശ്വരനായ മനുഷ്യൻ, പക്ഷികൾ, മൃഗങ്ങൾ, എന്നിവയുടെ സാദൃശ്യത്തിലുള്ള രൂപങ്ങൾക്ക് അവർ മഹത്വം കല്പ്പിച്ചാരാധിക്കുന്നു. മനുഷ്യന്റെ ഈ ദയനീയ അവസ്ഥയ്ക്ക് പരിഹാരം നൽകേണ്ടതിനു അത്യുന്നതനായ ദൈവം തന്റെ സ്നേഹാധിക്യത്താൽ മനുഷ്യജന്മമെടുത്തു ഭൂമിയിൽ നമ്മെ തേടിവന്നു. നാം തെറ്റായ ദിശയിൽ അന്വേഷിച്ചപ്പോൾ ശരിയായ വിധത്തിൽ തന്നെത്താൻ വെളിപ്പെടുത്തി നാം ആയിരുന്ന നാശകരമായ അവസ്ഥയിലേക്ക് സ്നേഹത്തിന്റെ ആൾരൂപമായി യേശുകർത്താവ് വന്നു. ദൈവരാജ്യത്തെയും അതിലുള്ള നിത്യസ്വസ്ഥതയെയും സമാധാനത്തെയും നമുക്ക് നൽകുവാൻ തിരുമനസ്സായി. പാപസ്വഭാവമുള്ള പ്രകൃതത്തെ ഉപേക്ഷിച്ച് ക്രിസ്തുവിൽ ഒരു പുതുസൃഷ്ടിയായി വചനത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുവാൻ, പുതുമനുഷ്യനാകുവാൻ അവസരം തന്നു നമ്മെ അനുഗ്രഹിച്ചു. പാപം ചെയ്ത മനുഷ്യനെ മാനസാന്തരത്തിലൂടെ ക്രിസ്തുവിലേക്കു നയിച്ചു. സത്ഗുണസമ്പൂർണ്ണനായ ദൈവത്തോടനുരൂപപ്പെടുവാൻ ദൈവകൃപയാലും ദൈവത്തിലുള്ള വിശ്വാസത്താലും സത്പ്രവൃത്തികൾ ചെയ്യുവാൻ നിയോഗം നൽകി. ഭൂമിയിലുള്ള നശ്വരമായതിലല്ല, മറിച്ചു സ്വർഗ്ഗത്തിലുള്ള അനശ്വരമായതിൽ ഏകാഗ്രതയോടെ മനസ്സു കേന്ദ്രീകരിക്കുക, അതാണല്ലോ നമ്മുടെ നിത്യഗേഹം. അതിനായി ചതിമോഹങ്ങളാൽ വഷളായി പോകുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചു ദൈവമാഗ്രഹിക്കുന്ന സത്പ്രവൃത്തികൾക്കു നമ്മെത്തന്നെ സമർപ്പിക്കുക. യേശുവിനെ കർത്താവും രക്ഷിതാവുമായി വിശ്വസിച്ചംഗീകരിച്ച് യേശുവിന്റെ മരണപുനരുത്ഥാനങ്ങളോടു ഏകീഭവിച്ച് വിശുദ്ധീകരിക്കപ്പെടുവാൻ നമ്മെ സമർപ്പിക്കുന്നത് തന്നെയാണ് ദൈവാഭിമുഖ്യത്തിൽ ചെയ്യുന്ന ഏറ്റവും ഉത്തമമായ സത്പ്രവൃത്തി. ഈ ലക്കത്തിലെ സന്ദേശം ഊന്നൽ നൽകുന്നതും ഈ വിഷയത്തിനു തന്നെയാണ്. തുടർന്നുള്ളതായ ലേഖനങ്ങളും പഠനങ്ങളും ആനുകാലികമായി മനസിലാക്കിയിരിക്കേണ്ടുന്നതും പ്രാവർത്തികമാക്കേണ്ടതും ആണ്. കാലം അതിന്റെ അന്ത്യത്തിലേക്ക് വേഗത്തിൽ നീങ്ങുന്നു എന്നതു ലോകസംഭവങ്ങൾ തിരുവചനവെളിച്ചത്തിൽ നമ്മോടു അറിയിക്കുന്നു.

ആകയാൽ വായിക്കുക, അനുഗ്രഹീതരാവുക, കർത്താവിന്റെ വരവിനായി ഒരുങ്ങുക. വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ. സമയം തക്കത്തിലുപയോഗിക്കുക. ദൈവം നമ്മെ ആശീർവദിക്കട്ടെ.

പുസ്തകം 13 ലക്കം 6
ജൂൺ 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൽട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടികൾ** 4
ജോയ് എം. തോമസ്

**പരിപോഷകനോ ഭരണകർത്താവോ?** 7
സാജു മാത്യു

**ഇരുവായ്ത്തലയുള്ള വാൾ** 9
ചെയ്സ് ജോസഫ്

**മിതഭാഷണം ആത്മീയന്റെ മുഖമുദ്ര** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ആത്മാവിന്റെ സാക്ഷി!** 13
ഡേവിഡ് വിൽക്കേഴ്സൺ

**സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ശക്തി** 16
ഡോ. സുജിത്ത് സൈമൺ

**തലകീഴായ ഒരു നടപ്പ്** 18
സുജ വിനു

**വനിതാ വീഥി** 20
എസ്. വി

**എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ** 22
ഷാജി ഉമ്മൻ

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

സന്ദേശം



# ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടികൾ

**ദൈവ**ത്തിന്റെ 'കൈപ്പണി' അഥവാ 'കരവിരുത്' എന്നു മനുഷ്യനെക്കുറിച്ചുള്ള പ്രയോഗം എത്രമാത്രം നമ്മെ ആനന്ദിപ്പിക്കുന്നതാണ്. ദൈവത്തിന്റെ സൃഷ്ടികളെല്ലാം വളരെ സുന്ദരമാണ്. എന്നാൽ എല്ലാ സൃഷ്ടികളെക്കാളും ശ്രേഷ്ഠമായി നമ്മെ ക്രിസ്തുവിൽ പുതുസൃഷ്ടിയാക്കി നിർമ്മിച്ചിരിക്കുന്നു എന്നത് വിവരണാതീതമാണ്. നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം എത്രയോ വലുത്. വാസ്തവത്തിൽ അളവറ്റതും അതുല്യവും ആണ് ആ സ്നേഹം! 'നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു, നാം ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു' (എഫെസ്യർ 2:10)

ക്രിസ്തുവിൽ നമുക്ക് ലഭിച്ചിരിക്കുന്ന പുതുജനനാനുഭവം എത്ര ശ്രേഷ്ഠമാണെന്നുള്ളത് നാം മനസ്സിലാക്കിയാൽ ക്രിസ്തീയജീവിതം നമുക്ക് ഏറ്റവും ആനന്ദകരമായ അനുഭവം ആകും. ദൈവത്തിന്റെ ജ്ഞാനത്തിന്റെയും കരവിരുതിന്റെയും മകുടോദാഹരണമായ 'കൈപ്പണി'(Master piece) ആണ് നാം. വീണ്ടും ജനനാനുഭവത്തോടുകൂടി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു നാം ഓരോരുത്തരും!

വീണ്ടുംജനനം പ്രാപിച്ച ഓരോരുത്തരും ദൈവസ്നേഹം അറിഞ്ഞവരാണ്, രുചിച്ചവരാണ്. നമ്മുടെ പാപങ്ങളെ മോചിച്ച് നമ്മെ വിശുദ്ധീകരിച്ച് തന്റെ മക്കൾ എന്ന് വിളിക്കപ്പെടുവാൻ യോഗ്യരാക്കുന്നതിന് ദൈവം നൽകിയ വില എത്ര വലുതെന്ന് നാം അറിയുന്നുവല്ലോ. നമ്മെ വീണ്ടുംജനിപ്പിച്ച പരിശുദ്ധാത്മാവിനാൽ ദൈവം തന്റെ സ്നേഹം നമ്മിലേക്ക് പകർന്നിരിക്കുന്നു. ദൈവസ്നേഹം നമ്മിൽ മറ്റുള്ളവരെക്കുറിച്ച് പരിഗണനയും കരുതലും ഉളവാക്കുകയും തത്ഫലമായി സൽപ്രവർത്തികൾക്ക് നാം പ്രാപ്തരാവുകയും ചെയ്യുന്നു.

സ്നേഹത്തിൽ നിന്നാണ് സൽപ്രവർത്തികൾ രൂപപ്പെടുന്നത്. സൽപ്രവർത്തികൾക്കായിട്ട് നാം സൃഷ്ടിക്കപ്പെട്ടവരാണ് എന്ന് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിന്റെ അർത്ഥം മറ്റുള്ളവരെ സ്നേഹിക്കുവാൻ ദൈവം പുതുജനനത്താൽ നമ്മെ പ്രാപ്തരാക്കി എന്നാണ്. നാം നമുക്കുവേണ്ടി മാത്രം, നമ്മുടെ കുടുംബത്തിനും മക്കൾക്കും വേണ്ടി മാത്രം ജീവിക്കുവാനും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും അല്ല നമ്മെക്കുറിച്ചുള്ള ദൈവഹിതം. ക്രിസ്തുവനായി ജീവിക്കുന്നവർ എന്ന് നാം നമ്മെക്കുറിച്ച് പറയുമ്പോൾ മറ്റുള്ളവരെ പരിഗണിക്കുവാനും കരുതുവാനും സ്നേഹിക്കുവാനും ജീവിതം സമർപ്പിച്ചവരാണെന്നാണ് അർത്ഥമാക്കുന്നത്.

കൊമ്പ്, മുന്തിരിവള്ളിയിൽ വസിക്കുന്നതുപോലെ നാം ക്രിസ്തുവിൽ വസിക്കുന്നവരാണ്. നമ്മിൽ ക്രിസ്തു ജീവിക്കുന്നതാണ് വിജയകരമായ ജീവിതം. നമ്മിൽക്കൂടി ക്രിസ്തു വെളിപ്പെടണം, ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടണം. ക്രിസ്തുവിന്റെ സ്നേഹം നിർമ്മലവും നിസ്വാർത്ഥവുമാണ്. ക്രിസ്തുവിന്റെ സ്നേഹത്തിലൂടെ നമ്മുടെ ജീവിതത്തിലെ സ്വാർത്ഥതാല്പര്യങ്ങൾ നശിച്ചു തുടങ്ങുന്നു. മറ്റുള്ളവരുടെ ഗുണം അന്വേഷിക്കുന്ന ചിന്താഗതി നമ്മിൽ വളരുവാൻ തുടങ്ങുന്നു. ക്രിസ്തുവിന്റെ കരുണയും മനസ്സലിവും നമ്മുടെ മനസ്സിലും ചിന്തയിലും നിറയുന്നു. ദു:ഖിതരോടും പീഡിതരോടും ബലഹീനരോടും രോഗികളോടും മറ്റും ക്രിസ്തു പ്രതികരിച്ചതുപോലെ പ്രതികരിക്കുവാൻ, ഇടപെടുവാൻ നമുക്ക് ദൈവം കൃപ നൽകുന്നു. നാം സൽപ്രവർത്തികൾക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരാണ് എന്നു തിരിച്ചറിയണം. അപ്പോഴാണ് ക്രിസ്തീയജീവിതത്തിന്റെ ശോഭ നമ്മിലൂടെ വെളിപ്പെടുന്നത്.

ക്രിസ്തുവിന്റെ ജീവിതം മറ്റുള്ളവർക്കു വേണ്ടി മുഴുവനുമായി ജീവിച്ച ജീവിതം ആയിരുന്നില്ലേ? പിതാവുമായി പ്രാർത്ഥനയ്ക്ക് സമയം ചെലവഴിക്കുന്നതിൽ വിട്ടുവീഴ്ച വരുത്താതെ, ദിവസത്തിന്റെ ശേഷിച്ച മുഴുവൻ സമയവും മറ്റുള്ളവർക്കായി അവിടുന്ന് ചെലവഴിച്ചു. കുഴഞ്ഞവരും ചിതറിയവരുമായി ഇടയൻ ഇല്ലാത്ത ആടുകളെ പോലെ ആയിരുന്ന ജനങ്ങളെ കണ്ട് അവിടുന്ന് മനസ്സലിഞ്ഞു. ഒരു ഹീറോ ആകുവാൻ ആയിരുന്നില്ല അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചത്. പ്രത്യുത, അവരെ വിടുവിക്കുവാനും സഹായിക്കുവാനും ആയിരുന്നു. അവർ മാനസാന്തരപ്പെട്ട് ദൈവരാജ്യത്തിൽ പ്രവേശിച്ച് യഥാർത്ഥ സ്വസ്ഥതയും സമാധാനവും അനുഗ്രഹവും അനുഭവിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു.

ക്രിസ്തുവിന്റെ അതേ കാൽചുവടുകളിൽക്കൂടി തന്നെയല്ലേ നാമും നടക്കേണ്ടത്? അപ്പോഴല്ലേ യഥാർത്ഥ അനുഗമനം സാധ്യമാകുന്നത്? കർത്താവ് ജീവിച്ച ജീവിതത്തിന്റെ അനുകരണം സ്വാഭാവികമായി നമ്മിൽ നിന്നും ഉണ്ടാകുന്നതല്ലേ യഥാർത്ഥ ക്രിസ്തീയജീവിതം? നാം സൽപ്രവൃത്തികൾക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരാണ് എന്ന് നമ്മുടെ ജീവിതം സാക്ഷ്യം നൽകും.

യഥാർത്ഥ ക്രിസ്തീയജീവിതം ബുദ്ധിമുട്ടാണെന്നോ അസാധ്യമാണെന്നോ നിങ്ങൾ ചിന്തിക്കുന്നുണ്ടോ? സ്വയസ്നേഹത്തിന്റെ തടവറയിൽ

**ദു:ഖിതരോടും പീഡിതരോടും ബലഹീനരോടും രോഗികളോടും മറ്റും ക്രിസ്തു പ്രതികരിച്ചതു പോലെ പ്രതികരിക്കുവാൻ നമുക്ക് ദൈവം കൃപ നൽകുന്നു. നാം സൽപ്രവർത്തികൾക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരാണ് എന്നു തിരിച്ചറിയണം. അപ്പോഴാണ് ക്രിസ്തീയജീവിതത്തിന്റെ ശോഭ നമ്മിലൂടെ വെളിപ്പെടുന്നത്.**

നിന്നും സ്വാർത്ഥതയുടെ ബന്ധനത്തിൽ നിന്നും മോചനം ലഭിച്ചവർക്ക് ക്രിസ്തുവിനെ അനുഗമിക്കുന്നത് ആസ്വാദ്യകരമായ ആത്മിക അനുഭവം ആയിരിക്കും. അതല്ലായെങ്കിൽ വളരെ ക്ലേശകരവും! അതുകൊണ്ട് കർത്താവ് വ്യക്തമായി അരുളിച്ചെയ്തിരിക്കുന്നു: 'എന്നെ അനുഗമിക്കാൻ ഒരുത്തനിച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെഅനുഗമിക്കട്ടെ'(ലൂക്കോസ്9:23). തന്നെത്താൻ നിഷേധിക്കുന്നവൻ അഥവാ ത്യജിക്കുന്നവൻ സ്വയസ്നേഹത്തിന്റെ തടവറയിൽ നിന്നും മോചനം പ്രാപിക്കുന്നു. നാൾതോറും തന്റെ ക്രൂശ് എടുത്തവർ സ്വാർത്ഥലക്ഷ്യങ്ങളെ വലിച്ചെറിഞ്ഞു കളയുന്നു. മുന്നിൽ നടക്കുന്ന യേശു മാത്രമാണ് അവർക്ക് മാതൃക. അവരുടെ ലക്ഷ്യവും യേശു മാത്രം!

യഥാർത്ഥ ക്രിസ്തുശിഷ്യന്റെ ചിന്താഗതിയും ലക്ഷ്യവും ലോക രുടേതിൽ നിന്നും വളരെ വ്യത്യസ്തമായിരിക്കും. ലോകത്തിൽ എന്തുനേടാം, എന്തായിത്തീരാം എന്ന് ലോകമനുഷ്യൻ ചിന്തിക്കുമ്പോൾ കർത്താവിന്റെ അനുഗാമികൾ ദൈവരാജ്യത്തിലുള്ള നിത്യസൗഭാഗ്യത്തിലാകൃഷ്ടരാണ്. ലോകത്തിന്റെ വ്യവസ്ഥിതികൾക്കനുസരിച്ച് ചിന്തിക്കാതെ, ദൈവഹിതത്തിന് അനുസൃതമായി ചിന്തിക്കുവാനാണ് അവർ ശീലിക്കേണ്ടത്. അവരുടെ മനസ്സിനുണ്ടായിക്കൊണ്ടിരിക്കുന്ന ഈ മാറ്റമാണ് ഈ ലോകത്തിൽ, വ്യത്യസ്തമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും അവരെ പ്രാപ്തരാക്കുന്നത് (റോമർ 12 :2)

സ്വയസ്നേഹത്തിലേക്കും സ്വാർത്ഥലക്ഷ്യങ്ങളിലേക്കും മനസ്സ് ചാഞ്ഞുതുടങ്ങിയാൽ ആത്മീയജീവിതം അപകടത്തിലെന്നു മനസിലാക്കണം. അവരിൽ ലോകത്തിലേക്കുള്ള പിന്മാറ്റം ആരംഭിച്ചിരിക്കുന്നു. ലോകസ്നേഹം അവരിൽ വളർന്ന്

അവർ ലോകക്കാരായിത്തീരും. ദൈവമക്കളാണ് തങ്ങൾ എന്നവർ അവകാശപ്പെടുമെങ്കിലും ലോകമക്കളാണ് തങ്ങളെന്ന് അവരുടെ ജീവിതം ഉറക്കെ പറഞ്ഞു കൊണ്ടിരിക്കും. എത്ര ദു:ഖകരമായ ഒരവസ്ഥയാണിത്!

ഇപ്രകാരം പിന്മാറ്റം സംഭവിച്ചവരോട് യാക്കോബ് ചോദിച്ചു: സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ട് എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ, സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട്: സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമുള്ളത് അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജീവമാകുന്നു (യാക്കോബ് 2:14 - 17). നിർജ്ജീവമായ വിശ്വാസത്തിനു പ്രവർത്തികളില്ല. അവരെ വിശ്വാസികൾ എന്ന് പറയുന്നതെങ്ങനെ? യഥാർത്ഥ വിശ്വാസം ജീവനുള്ളതും പ്രവർത്തനക്ഷമവുമാണ്. അവർ സൽപ്രവർത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാകയാൽ വിശ്വാസത്തിന്റെ പ്രവർത്തികൾ സൽപ്രവർത്തികളായി അവരിലൂടെ വെളിപ്പെടും.

അപ്പോസ്തലനായ യോഹന്നാനും ഇതേ ചോദ്യം ആവർത്തിക്കുന്നു. ഈ ലോകത്തിലെ വസ്തുവക ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരന് മുട്ടുള്ളത് കണ്ടിട്ട് അവനോടു മനസ്സലിവ് കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിലെങ്ങനെ വസിക്കും? (1 യോഹന്നാൻ 3:17) ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ നിറയുന്നുണ്ടെങ്കിൽ ലോകത്തിലെ വസ്തുവകകളിലും സമ്പത്തിലും നമ്മുടെ മനസ്സ് ഉറയ്ക്കില്ല എന്നത് നിശ്ചയം. നമുക്കുള്ളത് ആവശ്യത്തിലിരിക്കുന്നവരുമായി പങ്കിടുവാൻ സന്തോഷം ഉണ്ടാകും. കാരണം അത് വീണ്ടുംജനനത്താൽ നമ്മിൽ രൂഢമൂലം ആയിരിക്കുന്ന ആത്മീയസ്വഭാവമാണ്. നാം സൽപ്രവർത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാണെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം.

ഞാൻ ഏത് സൽപ്രവർത്തി ചെയ്യണം എന്ന് ചിന്തിച്ച് കുഴയേണ്ടതില്ല. 'നാം ചെയ്തു പോരേണ്ടതിന് ദൈവം അത് മുന്നൊരുക്കിയിരിക്കുന്നു എന്നാണല്ലോ തിരുവചനം പറയുന്നത്. സൽപ്രവർത്തിക്കുള്ള അവസരം നമ്മുടെ മുമ്പിലെത്തും. ആ അവസരം നാം അവഗണിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാതിരിക്കാൻ സൂക്ഷിച്ചാൽ മാത്രം മതിയാകും. ദൈവസ്നേഹം നമ്മിൽ നിറയുവാൻ അനുവദിക്കുക.

കാൽവറി ക്രൂശിൽ വെളിപ്പെട്ട ദൈവസ്നേഹം എപ്പോഴും നമ്മുടെ ധ്യാനം ആയിരിക്കട്ടെ. അപ്പോൾ സൽപ്രവർത്തികൾ നമ്മുടെ ജീവിതത്തിന്റെ സ്വഭാവം അഥവാ മനോഭാവം ആയിരിക്കും. നാം ചെയ്യുന്ന സൽപ്രവർത്തികൾ നാം പോലും അറിഞ്ഞു എന്ന് വരികയില്ല, വലംകൈ ചെയ്യുന്നത് ഇടംകൈ അറിയാത്തതുപോലെ. പക്ഷേ അത് ചെയ്യിപ്പിക്കുന്ന ദൈവം സൽപ്രവൃത്തികൾ കണക്കിടുകയും നിത്യതയിൽ പ്രതിഫലം നൽകുകയും ചെയ്യും. ആമേൻ! •

## ഉറപ്പായും സൗഖ്യം

**മനുഷ്യൻ പാപത്തിൽ പിറന്നു പാപിയായി ജീവിക്കുന്നു എന്ന ദൈവത്തിന്റെ രോഗനിർണ്ണയം നാം ഓരോരുത്തരും തിരിച്ചറിയണം, അംഗീകരിക്കണം. യഹൂദനെന്നോ യഹൂദേതരനെന്നോ ഒരു ഭേദവുമില്ലാതെ എല്ലാവരും പാപം ചെയ്തു ദൈവതേജസ്സിനന്യരായി തീർന്നിരിക്കുന്നു (റോമർ 3:23). കഠിന രോഗമായ പാപം ചികിത്സിച്ചു ഭേദമാക്കുവാൻ ഒരു മനുഷ്യനും കഴിയുമായിരുന്നില്ല എന്ന ഒറ്റക്കാരണത്താൽ കർത്താവു നമ്മുടെ പകരക്കാരനായി കൽവറി ക്രൂശിൽ പാപപരിഹാരയാഗമായി സ്വയം അർപ്പിച്ചു. എന്റെ പാപമാണ് യേശുവിനെ ക്രൂശിലേറ്റിയത് എന്ന് വിശ്വസിച്ചേറ്റുപറഞ്ഞു തന്നിൽ ആശ്രയിക്കുക എന്നത് മാത്രമാണ് പാപമെന്ന രോഗത്തിന്റെ സൗഖ്യത്തിനുള്ള ഏക പ്രതിവിധി. ഇത് തന്നെയാണ് ഏക രക്ഷാമാർഗം. ഒട്ടും വൈകാതെ ഈ സത്യം അനുസരിക്കുകയും അവസാനത്തോളം അങ്ങനെ തുടരുകയും ചെയ്താൽ, രക്ഷ നിശ്ചയമാണ്, സൗഖ്യം ഉറപ്പാണ്. ഇതാണ് നമുക്ക് ചെയ്യാവുന്ന ഏറ്റവും മഹത്തായ സൽപ്രവൃത്തി.**



സാജു മാത്യു

# പരിപോഷകനോ... ഭരണകർത്താവോ?

*"നശിച്ചുപോകുന്ന ആഹാരത്തിനായല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ കാംക്ഷിപ്പിൻ; അത് മനുഷ്യപുത്രൻ നിങ്ങൾക്കു തരും" (യോഹന്നാൻ 6:27).*

**മൈ**ക്രോസോഫ്റ്റ് കമ്പനിയുടെ ചെയർമാൻ ബിൽഗേറ്റ്സ് നിങ്ങളുടെയടുത്തു വരുന്നുവെന്നു ചിന്തിക്കുക. നിങ്ങളുടെ കൂട്ടുകാരൻ പറയുന്നു: ഇതാ, ബിൽഗേറ്റ്സ്; ലോകത്തിലെ ഏറ്റവും വലിയ കംപ്യൂട്ടർ കമ്പനിയുടെ അധിപൻ... നിനക്ക് അദ്ദേഹത്തോട് എന്തുവേണമെങ്കിലും ചോദിക്കാം... എന്തും! നിങ്ങൾ അത്ഭുതപ്പെടുന്നു!... നിങ്ങൾ ചോദിക്കുന്നതെന്തും അദ്ദേഹം തരുമെന്നോ!! നിങ്ങൾ അദ്ദേഹത്തിന്റെ അടുത്തുചെന്നു ചോദിക്കുന്നു: "മഹാനായ ബിൽഗേറ്റ്സ്... ഞാൻ എന്തുചോദിച്ചാലും അങ്ങ് എനിക്കു തരുമെന്ന് എന്റെ സഹൃത്തു പറയുന്നു... ഞാൻ നാലുമണിക്ക് ചായ കുടിച്ചിട്ടില്ല... എനിക്ക് ഒരു ചായ വാങ്ങിത്തരുമോ?".

ഇതു വായിക്കുമ്പോൾ നിങ്ങൾക്ക് ചിരിപൊട്ടുന്നുണ്ടാകും... ബിൽഗേറ്റ്സിനോട് ഒരു ചായക്കാശു ചോദിക്കുകയോ? മറ്റെന്തൊക്കെ ചോദിക്കാമായിരുന്നു! ഒരു രണ്ടുനില വീട്? ഒരു ബൻസ് കാർ...എന്നാൽ സുഹൃത്തെ, ബിൽഗേറ്റ്സ് നിങ്ങളുടെ അടുത്തുവന്നത് നിങ്ങൾക്ക് മൈക്രോസോഫ്റ്റ് കമ്പനിയിൽ പങ്കാളിത്തം നൽകാനാണെങ്കിലോ? അങ്ങനെയെങ്കിൽ നിങ്ങൾ അദ്ദേഹത്തോട് പത്തുവീടുകളും പത്തുകാറുകളും ചോദിച്ചുവാങ്ങിയെന്നാലും മൈക്രോസോഫ്റ്റ് കമ്പനിയിലെ പങ്കാളിത്തം നഷ്ടപ്പെടുത്തിയാൽ അത് എന്തൊരു വിഡ്ഢിത്തം ആയിരിക്കും. നിങ്ങളുടെ ചോദ്യം ചായയിലോ കാറിലോ വീടിലോ ഒതുങ്ങുന്നത് നിങ്ങൾ ബിൽഗേറ്റ്സിനെയൊ മൈക്രോസോഫ്റ്റ് കമ്പനിയെയോ ശരിയായ രീതിയിൽ മനസ്സിലാക്കാത്തതു കൊണ്ടാണ്.

ബത്ത്സയിദയിലെ ജനങ്ങൾ യേശുവിനെ മനസ്സിലാക്കിയത് നമ്മുടെ കഥയിലെ ആൾ ബിൽഗേറ്റ്സിനെ മനസ്സിലാക്കിയതിനെക്കാൾ കഷ്ടമായിട്ടാണ്. അവർ യേശുവിനെ അന്വേഷിച്ചത് എന്തിനെന്നോ? ഒരുനേരത്തെ ആഹാരം സൗജന്യമായി ലഭിക്കും എന്ന് പ്രതീക്ഷിച്ച് (യോഹന്നാൻ 6:26). സ്വർഗത്തിലിരുന്ന യേശു ഭൂമിയിലേക്കു വന്നത് -കാൽവറി ക്രൂശിൽ മരിച്ചത്- മനുഷ്യന് ഒരുനേരത്തെ ഭക്ഷണം കൊടുക്കാനാണോ? അതല്ലെങ്കിൽ മനുഷ്യന്റെ പാർപ്പിട പ്രശ്നം പരിഹരിക്കാനോ? എല്ലാവർക്കും ഓരോ കാറു നൽകാനോ ആണോ? ഈ കാര്യങ്ങളൊക്കെ നൽകാൻ യേശുവിന് ഭൂമിയിലേക്ക് ഇറങ്ങിവന്നു മരിക്കേണ്ട കാര്യമുണ്ടായിരുന്നോ? സ്വർഗത്തിലിരുന്ന് ഒരു വാക്ക് ഉച്ചരിച്ചാൽ ശരിയാക്കാവുന്ന കാര്യങ്ങളല്ലേയുള്ളൂ അത്?

യേശു ഭൂമിയിൽ വന്നു മരിച്ചത് നമ്മെ പാപത്തിൽ നിന്ന് വീണ്ടെടുത്ത് നമുക്കു നിത്യജീവൻ നൽകുന്നതിനുവേണ്ടിയാണ്. വിശക്കുന്നവന് അവൻ ആഹാരം കൊടുത്തെന്നിരിക്കും. കിടപ്പാടം നൽകിയെന്നിരിക്കും. എന്നാൽ യേശുവിനെ നാം അറിയേണ്ടത് അത്ഭുതം പ്രവർത്തിച്ച് ആകാശത്തുനിന്ന് അപ്പം തരുന്ന ആൾ എന്ന

നിലയിലല്ല... അവനിൽ നിന്ന് നിങ്ങൾ പ്രാപിക്കേണ്ടതു നിത്യജീവനാണ്; അതിൽ കുറഞ്ഞതൊന്നുമല്ല.

മൈക്രോസോഫ്റ്റിൽ നിങ്ങളെ പങ്കാളിയാക്കാൻ നിങ്ങളുടെ അടുത്തുവന്ന ബിൽഗേറ്റ്സ് സൗഹൃദത്തിന്റെ പേരിൽ നിങ്ങളോടൊപ്പമിരുന്ന് ഒരു ചായ കുടിച്ചെന്നിരിക്കും. എന്നാൽ ബിൽഗേറ്റ്സ് തന്ന ചായയും കുടിച്ച്: "ഒത്തിരി നന്ദിയുണ്ട് സാർ... ചായ വാങ്ങാൻ പണമില്ലാത്തപ്പോൾ വീണ്ടും ഞാൻ അങ്ങയുടെ അടുത്തു വരാം സാർ..." എന്നു പറഞ്ഞ് വണങ്ങി ബിൽഗേറ്റ്സിനെ വിട്ട് നിങ്ങൾ വീണ്ടും നിങ്ങളുടെ പഴയ താവളത്തിലേക്കു മടങ്ങിയാൽ അതിനെ പമ്പരവിഡ്ഢിത്തം എന്നല്ലാതെ മറ്റെന്തു പറയാൻ!

യേശു അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരം പുരുഷന്മാരെയും കൂടാതെ സ്ത്രീകളെയും കുട്ടികളെയും വയറുനിറച്ച് ഭക്ഷിപ്പാൻ കൊടുത്ത് തൃപ്തരാക്കുന്ന ചരിത്രമാണല്ലോ നമ്മുടെ വേദഭാഗത്ത് (യോഹന്നാൻ 6:1-13).ആദ്യം നാം കണ്ടത് "അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ട്: ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവനാകുന്നു സത്യം എന്നു പറഞ്ഞു" (യോഹന്നാൻ 6:14). എന്നാൽ അടുത്ത സംഭവം ശ്രദ്ധിക്കൂ: "അവർ വന്ന് തന്നെ പിടിച്ച് രാജാവാക്കാൻ പരിശ്രമിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് പിന്നെയും തനിച്ച് മലയിലേക്കു വാങ്ങിപ്പോയി", ഒഴിഞ്ഞുപോയി (യോഹന്നാൻ 6:15). ജനം രാജാവാക്കാൻ പരിശ്രമിച്ചപ്പോൾ യേശു എന്തുകൊണ്ടാണ് 'ഒഴിഞ്ഞു'പോയത്? യേശു രാജാവല്ലേ?

തീർച്ചയായും യേശു രാജാവുതന്നെ! എന്നാൽ യേശു ജനങ്ങൾ പ്രതീക്ഷിക്കുന്ന നിലയിലുള്ള ഒരു രാജാവല്ല! ജനം പ്രതീക്ഷിച്ചത് പരിപോഷകനായ -എന്നും ഭക്ഷിപ്പാൻ അപ്പം കൊടുക്കുന്ന- ഒരു രാജാവിനെയാണ്. എന്നാൽ യേശു 'കർത്താവാണ്' - ഭരണം നടത്തുന്ന രാജാവാണ്. ഭരിക്കാൻ അനുവദിക്കാത്ത ആരുടെയും രാജാവാകാൻ യേശുവിനെ കിട്ടില്ല. മലയിലേക്ക് കയറിപ്പോയ യേശു ഇരുട്ടായ ശേഷവും മടങ്ങിവന്നില്ല. ശിഷ്യന്മാർ പടകുകയറി കടലിനക്കരെ കഫർന്നഹൂമിലേക്ക് യാത്രയായി. (യോഹന്നാൻ 6:16,17). അപ്പോഴാണ് കൊടുങ്കാറ്റു വന്നത് (യോഹന്നാൻ 6: 18). ശിഷ്യന്മാർ നോക്കുമ്പോൾ കടലിന്മീതെ നടന്നുവരുന്ന യേശു (യോഹന്നാൻ 6:19). ആദ്യമൊന്നു പേടിച്ചെങ്കിലും അത് യേശുവെന്നറിഞ്ഞപ്പോൾ അവർ യേശുവിനെയും പടകിൽ കയറ്റാൻ ആഗ്രഹിച്ചു. എന്നാൽ അപ്പോഴേക്കും പടക് കഫർന്നഹൂമിലെത്തിയിരുന്നു (യോഹന്നാൻ 6:19-21).

**യേശു ഭൂമിയിൽ വന്നത് മനുഷ്യർക്ക് ഇഷ്ടമുള്ളതു കൊടുക്കാനല്ല, മനുഷ്യർക്കാവശ്യമുള്ളതു കൊടുക്കാനാണ്. മനുഷ്യർക്ക് ഇഷ്ടമുള്ളത് കൊടുക്കാനൊരു രാജാവുണ്ട്- ഈ ലോകത്തിന്റെ പ്രഭു!**

യേശു ശിഷ്യന്മാരെ പറഞ്ഞുവിടുകയായിരുന്നോ, അതോ അവർ തനിയെ അക്കരയ്ക്കു പോകാൻ തയ്യാറെടുക്കുകയായിരുന്നോ എന്നതിൽ ഇവിടെ വ്യക്തതയില്ല. എന്തായാലും അക്കരയ്ക്ക് പോയതിന് യേശു അവരെ ശാസിക്കുന്നുമൊന്നുമില്ല. ശിഷ്യന്മാർ യേശുവിന്റെ സമ്മതത്തോടെയോ നിർദേശത്തോടെയോ ആകണം അക്കരയ്ക്കു പോയത് എന്നാണ് എന്റെ ചിന്ത. കാരണം, ഇത്രയും വലിയ അത്ഭുതവും ഭക്ഷണത്തിന്റെ സമൃദ്ധിയും ജനസമ്മതിയും ഒക്കെയുള്ള ദേശം പെട്ടെന്നു വിട്ടുപോകാൻ ശിഷ്യന്മാർ ആഗ്രഹിക്കാനിടയില്ലല്ലോ! അങ്ങനെയെങ്കിൽ യേശു എന്തുകൊണ്ട് അവരെ പറഞ്ഞയച്ചു?

ബത്ത്സയിദയിൽ ഒരുദിവസംകൂടെ നിന്നാൽ എന്താണ് സംഭവിക്കുന്നതെന്ന് യേശുവിന് നന്നായി അറിയാമായിരുന്നു. അയ്യായിരം പുരുഷന്മാർക്ക് പകരം അടുത്തദിവസം ഒരുപക്ഷെ അമ്പതിനായിരം പേരാകാം യോഗത്തിനെത്തുക. അവരുടെ മനസ്സിൽ ഒരു ചോദ്യമേ ഉണ്ടാവുകയുള്ളൂ... യേശുവേ, എപ്പോഴാണ് നീ ഞങ്ങൾക്ക് അത്ഭുതം കാട്ടി ഭക്ഷണം തരുന്നത്? ശിഷ്യന്മാർ അടുത്തുണ്ടെങ്കിൽ അവരും പറഞ്ഞേക്കാം: ഗുരോ... പ്ലീസ്... അവരെ നിരാശപ്പെടുത്തരുതേ! അവർ വചനം കേൾക്കാനൊന്നും വന്നതല്ല. അവർക്ക് വിശക്കുന്നു... ഇപ്പോൾ അപ്പം കൊടുക്കാം... വചനമൊക്കെ നമുക്കു പിന്നീട് പഠിക്കാം.

'ജനങ്ങൾക്കിടഷ്ടമുള്ളത്' കൊടുക്കാനാണ് ആധുനിക ശിഷ്യന്മാർക്കും ഇഷ്ടം. "അവർക്ക് പാട്ടാണ് ഇഷ്ടം... അവർക്ക് പ്രസംഗം വലിയ മടുപ്പാണ്" എന്ന് ശുശ്രൂഷകൻ പറയുന്നു... പാട്ടിനും കൂത്തിനുമാണെങ്കിൽ എന്തിനാണു സഭ നടത്തു

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# ഇരുവായ്ത്തലയുള്ള വാൾ

സ്വസ്ഥത എന്ന വാഗ്ദത്തം എത്ര പ്രധാനം എന്ന് നാം കണ്ടുവല്ലോ. എന്തുകൊണ്ടാണ് സ്വസ്ഥതയിലേക്കു വരുവാൻ ഉള്ള ഒരു നിർബന്ധം നാം വേദപുസ്തകത്തിൽ കാണുന്നത്. ലേഖകൻ പറയുന്നത്, നാം സ്വസ്ഥതയിലേക്കു പ്രവേശിച്ചില്ലെങ്കിൽ അനുസരണക്കേടിൽ വീഴും എന്നാണ്. പലപ്പോഴും സ്വസ്ഥത ഇല്ലായ്മ ആണ് നമ്മെ അടിമത്തത്തിലേക്കു തള്ളിവിടുന്നത്. ആവർത്തിക്കപ്പെടുന്ന പല പാപങ്ങളുടെയും ഉറവിടം, അസ്വസ്ഥമായ മനസ്സാണ്. അതായതു ആന്തരീക സ്വസ്ഥത സ്വർഗീയപിതാവുമായി പ്രാപിക്കാത്തവരൊക്കെയും അസ്വസ്ഥമാനസരാണ്.

എങ്ങനെ ജീവിക്കും എന്ന ആശങ്കയാണ് അനേകരെയും കാര്യസാധ്യത്തിനായി മാത്രം ദൈവത്തെ അന്വേഷിക്കുന്ന തെറ്റായ മതത്തിൽ കുരുക്കുന്നത്. ദൈവം നമ്മെ അംഗീകരിക്കുന്നുണ്ടോ എന്ന് ഒരു നിമിഷം ശങ്കിച്ചാൽ ആ മഹത്വവാനായ ദൈവത്തിന്റെ അടുത്തേയ്ക്കു കടന്നു ചെല്ലാൻ നമുക്ക് കഴിയുമോ? ദൈവവുമായുള്ള സമാധാനമാണ് രക്ഷയുടെ ആദ്യ അനുഭവം. ഏറ്റുപറഞ്ഞുപക്ഷിച്ച നമ്മുടെ അസംഖ്യം പാപങ്ങളെ ദൈവം ഗണ്യമാക്കുന്നില്ല. ദൈവത്തിന്റെ മുൻപിൽ നാം ചെല്ലുമ്പോൾ ഏറ്റുപറഞ്ഞു പക്ഷിച്ച നമ്മുടെ പഴയ പാപങ്ങൾ കണക്കിടപ്പെടുന്നില്ല.

പുതിയ നിയമത്തിന്റെ ഏറ്റവും വലിയ വാഗ്ദത്തങ്ങളിൽ ഒന്നാണ് ഈ ദൈവീക സ്വസ്ഥത. എന്നാൽ ഇന്ന് പല സ്ഥലങ്ങളിലും ആന്തരീക സൗഖ്യം എന്ന രീതിയിൽ സ്വസ്ഥത സൃഷ്ടിക്കുവാനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. ദൈവം പണ്ടുതന്നെ ക്ഷമിച്ച പാപങ്ങളെ വീണ്ടും ഓർമ്മിപ്പിക്കുകയും അവയെക്കുറിച്ച് അനുതപിക്കാൻ വീണ്ടും ആവശ്യപ്പെടുകയും ചെയ്യുന്ന ആന്തരീക സൗഖ്യ ധ്യാനങ്ങൾ വേദപുസ്തകം വാഗ്ദാനം നൽകുന്ന സമാധാനത്തിനു എതിരാണ്. വിശ്വാസത്താൽ മാത്രം ആണ് നമുക്ക് ദൈവീക സമാധാനം ഉണ്ടാവുന്നത്.

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4: 12).

സാധാരണ ഗതിയിൽ മനുഷ്യൻ ചിന്തിക്കുന്നത് ഇരുവായ്ത്തലയുള്ള വാൾ എന്നത് രണ്ടു വശത്തും വെട്ടുവാനുള്ള വാൾ എന്നാണ്. എന്നാൽ പലരും ചിന്തിക്കുന്നതും പറയുന്നതും, ദൈവവചനം പറയുന്നവരെയും കേൾക്കുന്നവരെയും വെട്ടുന്ന വാൾ എന്നാണ്. എന്നാൽ ഇത് ഒരു പ്രസംഗം പറയുന്നതിനെക്കുറിച്ചോ കേൾക്കുന്നതിനെക്കുറിച്ചോ അല്ല പരാമർശിക്കുന്നത്. ഇത് നാം ജീവിതത്തിൽ അനുഭവിക്കേണ്ട, സ്വായത്തമാക്കേണ്ട ഒരു വാഗ്ദത്തത്തിന്റെ ഭാഗമാണ്. നമ്മെ വഴി തെറ്റിക്കുന്നതും നിരാശയിലും അസമാധാനത്തിലും തള്ളിയിടുന്നതും വചനത്തിൽ നമുക്ക് ശരിയായ പരിജ്ഞാനം ഇല്ല എന്ന വസ്തുത ആണ്. പരിശുദ്ധാത്മ സഹായത്തോടെ, ആത്മാവിൽ വചനം മനസ്സിലാക്കിയാൽ നമുക്ക് ഖേദിക്കേണ്ടി വരികയില്ല.

ഈ വാക്യം നമ്മോടു എന്താണ് പറയുന്നത്? രണ്ടു വാൾ സങ്കൽപ്പിച്ചു നോക്കൂ. ലോകത്തിൽ

ഏറ്റവും മൂർച്ചയേറിയ ഏതു വാളിനേക്കാളും മൂർച്ച ഏറിയ സ്വർഗ്ഗത്തിലെ വാളാണ് ദൈവത്തിന്റെ വചനം. രണ്ടു വശവും ഒരു പോലെ മൂർച്ചയുള്ള, ഒരു ബ്ലേഡ് പോലെ എന്തിനെയും മുറിക്കുന്ന വാൾ!

ഇനി ഈ രണ്ടു വാളുകളുടെ താരതമ്യം ഒന്നു നോക്കാം. നിങ്ങൾ മാംസം കഴിക്കുന്നവർ ആണെങ്കിൽ ശ്രദ്ധിച്ചിട്ടുണ്ടാവാം, പാചകം ചെയ്യുന്നതിന് മുൻപ് ഒരു മൃഗത്തിന്റെ അസ്ഥിയിൽ നിന്ന് അതിന്റെ മജ്ജ വേർവിടുവിക്കുക എന്നത് സാധാരണ രീതിയിൽ തികച്ചും പ്രയാസമേറിയ ഒന്നാണ്. അത് എങ്ങനെ മുറിച്ചാലും കൃത്യമായി വേർപെടുകയില്ല. അതിനു വളരെ മൂർച്ചയേറിയ ഒരു വാൾ കൊണ്ട് പോലും പ്രയാസമാണ്. എന്നാൽ അതിനേക്കാളും പ്രയാസമാണ് നമ്മുടെ ഉള്ളിൽ പിണഞ്ഞു കിടക്കുന്ന ആത്മാവിന്റെ ചിന്തകളും പ്രാണന്റെ ചിന്തകളും വേർപെടുത്താൻ . വചനം എന്ന ഇരു വായ്ത്തലയുള്ള, അതിമൂർച്ചയുള്ള ഒരു വാളിന് മാത്രമേ അതു കഴിയുകയുള്ളു. പലപ്പോഴും നമുക്ക് മനസ്സിൽ തോന്നുന്ന പല കാര്യങ്ങളും ദൈവാലോചനയായും ആത്മാവ് പറയുന്നതായും ഒക്കെ തെറ്റിദ്ധരിക്കാനും അങ്ങനെ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാനും ഒക്കെ സാധ്യത ഉണ്ട്. എന്നാൽ വചനം ഒരു വാൾ പോലെ പ്രയോഗിക്കാൻ ഉള്ള പക്വതയും പരിജ്ഞാനവും നമ്മൾ പ്രാപിച്ചാൽ, വചനം ആത്മാവിന്റെ ചിന്തകളെയും നമ്മുടെ ഹൃദയത്തിൽ ഉള്ള ഭാവങ്ങളെയും വേർതിരിച്ചു കാണിക്കുകതന്നെ ചെയ്യും.

ദൈവവുമായുള്ള സ്വസ്ഥത എന്നത് ആത്മാവിൽ ഉള്ള സ്വസ്ഥത ആണ്. അത് നാം പ്രാപിക്കേണ്ട ഒരു വാഗ്ദത്തം ആണ്. ഒരു പക്ഷെ ഈ ഭൂമിയിൽ നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ ആത്മിക വരദാനം എന്ന് പറയുന്നത് ദൈവവുമായുള്ള ഈ സമാധാനം ആണ്. അത് സ്ഥിരമായി അനുഭവിക്കാൻ നാം ആത്മാവിന്റെ ചിന്തകളെ വിവേചിക്കേണ്ടതായുണ്ട്.

എന്നാൽ ആത്മാവിനെയും പ്രാണനെയും വേർതിരിച്ചു, ഓരോ ചിന്തകളെയും വിവേചിക്കുവാൻ ഒരു സാധാരണ വിശ്വാസിക്ക് എളുപ്പമല്ല. എന്നാൽ വിശ്വസ്തനായ ദൈവം നമ്മെ അങ്ങനെ ഉള്ള സാഹചര്യങ്ങളിൽ അത്ഭുതകരമായി വഴി കാണിക്കും. വചനത്തെ അങ്ങനെ വാൾ പോലെ പ്രയോഗിക്കാനും അങ്ങനെ സ്വന്ത ഹൃദയത്തിന്റെ ഭാവങ്ങളും ചിന്തകളും എല്ലാം വിവേചിക്കാനും ഒരാൾക്ക് കഴിയുമ്പോൾ ആണ് അയാൾ പക്വതയുള്ള, വളർച്ചയെത്തിയ ഒരു ക്രിസ്തീയ വിശ്വാസി ആയി മാറുന്നത്.

ഇന്ന് ഈ വിവേചനം ഇല്ലായ്മ കാരണം എത്രയോ ആളുകൾ വഞ്ചനയിൽ അകപ്പെട്ടു പോകുന്നു. ഒരു ഉദാഹരണം നമുക്ക് ശ്രദ്ധിക്കാം. വളരെ കഷ്ടതയിൽ ജീവിക്കുന്ന ഒരാൾക്ക് ഒരു പ്രവാചകനിലൂടെ രണ്ടു രീതിയിൽ ഉള്ള ആശ്വാസം ലഭിക്കാം.

**ഒന്ന്:** നിന്റെ കഷ്ടത മാറി നീ ഒരു ആശ്ചര്യ വിഷയം എന്നതുപോലെ ഈ ലോകത്തിൽ അനുഗ്രഹിക്കപ്പെടും എന്ന ഒരു വാഗ്ദത്തത്തിലൂടെ!

**രണ്ട്:** ഈ കഷ്ടത ദൈവം അറിഞ്ഞു വരുന്നതാണ് എന്നും ലോകത്തിൽ ഉള്ള വിടുതലിലേക്കല്ല, സ്വർഗത്തിൽ നിന്നുള്ള ആശ്വാസം ആണ് പ്രാപിക്കേണ്ടത് എന്നും, അപ്പോൾ അത് ഏതു സാഹചര്യത്തിലും ധീരതയോടെ, സമാധാനത്തോടെ നില്ക്കാൻ കഴിയുമെന്നുമുള്ള ആശ്വാസവചനം.

ആദ്യത്തെത് പ്രാണനിൽ നിന്നും രണ്ടാമത്തേത് ആത്മാവിൽ നിന്നും ആണോ? വചനം എന്ന വാൾ ഒന്ന് പ്രയോഗിച്ചു നോക്കുക. ഇന്ന് നടക്കുന്ന മിക്കവാറും ശുശ്രൂഷകളും പ്രാണനിൽ നിന്നുള്ളതും ലോകസംബന്ധിയും ആണെന് കാണാൻ കഴിയുന്നില്ലേ?

ഇന്ന് നാം ആത്മീക ശുശ്രൂഷകൾ എന്ന് വിളിക്കുന്നത് പ്രാണനിൽ തോന്നുന്ന ഉന്മാദത്തിൽ നിന്നും വരുന്ന ശുശ്രൂഷകളെയാണ്. ഇത്തിരി ശബ്ദവും ബഹളവും ഉണ്ടെങ്കിൽ അത് ആത്മീയ ശുശ്രൂഷ ആണെന്ന് ജനം തെറ്റിദ്ധരിക്കുന്നു, എന്നാൽ ആത്മാവിന്റെ ശുശ്രൂഷ ആണോ അതോ ജഡത്തിൽ നിന്ന് വരുന്നതാണോ എന്ന് നാം വിവേചിക്കേണ്ടത് എത്ര ബഹളം ഉണ്ട്, അല്ലെങ്കിൽ എത്ര പേര് ഉന്മാദത്തിൽ ആയി, അല്ലെങ്കിൽ എത്ര പ്രവചനം നടന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല, വചനം എന്ന വാൾ നമ്മുടെ അന്തരംഗത്തെ തുളച്ചു കയറുവാൻ വിട്ടുകൊണ്ടാണ്. വചനം ആണ് ഓരോ ശുശ്രൂഷകളെയും വിവേചിക്കേണ്ടത്.

ഒരു ഉദാഹരണവും കൂടെ നമുക്ക് പരിഗണിക്കാം. ഒരാൾ ദൂത് പറയുന്നു: ദൈവം വിശാലമായ ഒരു വഴി നിനക്ക് തുറന്നിരിക്കുന്നു അപ്പോൾ ഉള്ളിൽ നിന്ന് വചനം എന്ന വാൾ ചോദിക്കും, ജീവനിലേക്കുള്ള ഇടുക്കു വഴി എവിടെ? ഇങ്ങനെ വചനം എന്ന വാൾ വിവേചി

ശേഷം പേജ് 21 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# മിതഭാഷണം ആത്മീയന്റെ മുഖമുദ്ര

**ഓ**ർത്തഡോക്സ് സെമിനാരിയിൽ ഞാൻ വൈദികവിദ്യാർത്ഥിയായിരുന്ന വേളയിൽ മിതഭാഷിയായ ഒരു യുവാവ് എന്റെ കൂടെ സെമിനാരിയിൽ പഠിച്ചിരുന്നു. മാസത്തിൽ ഒരാഴ്ച അദ്ദേഹം ഉപവാസവും മൗനവ്രതവും ആചരിക്കും. എന്താവശ്യം ഉണ്ടായാലും കടലാസിൽ എഴുതിക്കാണിക്കുകയേയുള്ളൂ. സഹപാഠികൾ തമാശ പറഞ്ഞാലും, പരിഹസിച്ചാലും, പ്രകോപിപ്പിച്ചാലും സമനില വിടാതെ തികച്ചും ശാന്തനായി അദ്ദേഹം വർത്തിച്ചിരുന്നു.

ചില വർഷങ്ങൾക്കു മുമ്പ് ഒരു യാത്രയിൽ ഞാൻ അദ്ദേഹത്തെ യാദൃശ്ചികമായി കണ്ടു. തികച്ചും പക്വത വന്ന ഒരു വൈദികനായി അദ്ദേഹം മാറിയിരുന്നു. വാക്കുകൾ പെറുക്കിയെടുത്ത രീതിയിലുള്ള സംഭാഷണം, ആരെയും ആകർഷിക്കുന്ന മുഖഭാവം, അങ്ങേയറ്റം മര്യാദയോടു കൂടിയ പെരുമാറ്റം. ഇതൊക്കെയും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചു നിർത്തുന്ന സ്വഭാവശ്രേഷ്ഠതകളായി എനിക്കു തോന്നി. വർഷങ്ങൾക്കു മുമ്പു ലഭിച്ച ആ പരിശീലനമായിരിക്കാം ഒരുപക്ഷെ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ അപ്രകാരം ആക്കിത്തീർക്കുവാൻ ഇടയാക്കിയത്.

സാധു സുന്ദർസിംഗ്, മാരാമൺ കൺവൻഷനിൽ പ്രസംഗിക്കുവാൻ വന്നപ്പോൾ സഞ്ചരിച്ചിരുന്നത് പ്രശസ്ത ഹൈക്കോടതി ജഡ്ജിയായിരുന്ന എ. ചെറിയാന്റെ കാറിലായിരുന്നു. സദാ മൗനത്തിലും, ചിന്തയിലും, ധ്യാനത്തിലും മുഴുകിയിരുന്ന സാധു പ്രസംഗിക്കുവാൻ പോകുന്നതിനു മുമ്പ് ആരോടും സംസാരിക്കുമായിരുന്നില്ല. ഇത് മനസിലാക്കാതിരുന്ന ജഡ്ജി എ. ചെറിയാൻ യാത്രാമദ്ധ്യേ സുന്ദർ സിംഗിനോട് ചോദിച്ചു : 'അങ്ങേയ്ക്ക് എപ്പോഴാണ് ജീവിതത്തിൽ പ്രലോഭനങ്ങൾ ഉണ്ടാകുന്നത്?' ചോദ്യം കേട്ടിട്ടും പ്രതികരിക്കാതിരുന്ന സാധുവിന്റെ പെരുമാറ്റം ജഡ്ജിയുടെ മനസിൽ മുറിവുണ്ടാക്കി.

മാരാമൺ പന്തലിൽ കാറിൽ നിന്ന് ഇറങ്ങുന്ന അവസരത്തിൽ, ജനങ്ങൾ സാധുവിനു ചുറ്റും ആകാംഷയോടെ തിങ്ങിക്കൂടുന്ന വേളയിൽ, ജഡ്ജിയെ നോക്കി പുഞ്ചിരിതൂകി സാധു പറഞ്ഞു: അങ്ങ് നേരത്തെ എന്നോട് ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം ഇപ്പോൾ കിട്ടിക്കാണുമല്ലോ? സാധു സുന്ദർസിംഗിനെ താൻ ഏറ്റവുമധികം ബഹുമാനിക്കുവാൻ കാരണം അദ്ദേഹത്തിന്റെ മിതഭാഷണമായിരുന്നുവെന്ന് ജഡ്ജി തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് സർക്കാർ ഓഫീസുകളിലെ ചുമരുകളിൽ തൂക്കിയിരുന്ന വാചകമാണ് 'നാവടക്കൂ, പണിയെടുക്കൂ' എന്നത്. ആത്മീയമേഖലയിലും അടിയന്തിരഘട്ടങ്ങളിലും ഇത്തരമൊരു സന്ദേശത്തിന് പ്രസക്തിയുണ്ടായിരിക്കും. ഒരാൾ സ്വയം ഭക്തിയുള്ളവൻ എന്ന് വിചാരിക്കുകയും സ്വന്തം നാവിനെ കടിഞ്ഞാണിട്ട് നിയന്ത്രിക്കാതെ സ്വയം വഞ്ചിക്കുകയും ചെയ്യുന്നു എങ്കിൽ അയാളുടെ ഭക്തി നിരർത്ഥകമാണ്. നാവടക്കാതിരുന്നാൽ ഉണ്ടാകുന്ന അപകടമാണ് പരദൂഷണം. യഥാർത്ഥ ദൈവഭക്തർ ഈ ദു:സ്വഭാവത്തിൽ നിന്നും പൂർണ്ണമായി മോചിതരായിരിക്കും. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്ന അനാത്മീയരിൽ ഈ വാസന പരിപുഷ്ടമായി കാണപ്പെടുന്നു. അതിന് ആൺ പെൺ വ്യത്യാസമില്ല. പിശാചിന്റെ തന്ത്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിത്.

മതങ്ങളെല്ലാം തന്നെ പരദൂഷണത്തിനെതിരായി പ്രതികരിക്കുന്നുണ്ട്. മനുഷ്യമനസിനെ വേദനിപ്പിക്കുന്നത് ദൈവത്തെ വേദനിപ്പിക്കുന്നതിനു തുല്യമാണെന്ന് സകല മതഗ്രന്ഥങ്ങളും അനുശാസിക്കുന്നു. നാവിന്റെ നന്മതിന്മകളെക്കുറിച്ചും തിരുവചനത്തിൽ പറയുന്നുണ്ട്. വായിൽ നിന്നും എറിയുന്ന വാക്കുകൾ ഒരിക്കലും തിരിച്ചെടുക്കുവാൻ കഴിയുകയില്ല. നാവ് കഠാരയെക്കാൾ അധികം, ഹൃദയങ്ങളെ കുത്തി മുറിവേൽപ്പിക്കുകയും, ആ മുറിവ് ഉണങ്ങാത്ത വ്രണം മാതിരി അനേക നാൾ നിലനിൽക്കുകയും ചെയ്യുന്നു. തികച്ചും നിരുപദ്രവകരം എന്ന തോന്നലുണ്ടാക്കി, തമാശു രൂപേണ അനേക ആത്മീയരെപ്പോലും പരദൂഷണത്തിനും അപവാദം പറച്ചിലിനും അടിമകളാക്കി, പിശാച് നരകത്തിലേക്ക് ആനയിക്കുന്നുണ്ട്. ദൈവത്തെ സ്തുതിക്കുവാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നാവുകൾ പരദൂഷണം പറയുവാനുള്ള ആയുധമായി ഉപയോഗിക്കരുത് എന്ന ശക്തമായ താക്കീത് വചനം നൽകുന്നു. ആകയാൽ അതനുസരിച്ചു സ്വന്തനാവിനെ ദുരുപയോഗത്തിനു വിട്ടുകൊടുക്കരുത്.

യഥാർത്ഥ ആത്മീയർ അനാവശ്യമായി സംസാരിക്കുകയോ, പരിഹാസത്തിന്റെ മുനയുള്ള ദ്വയാർത്ഥ പ്രയോഗങ്ങൾ ഉപയോഗിക്കുകയോ ചെയ്യുകയില്ല. 'വാക്കുകളുടെ പെരുപ്പം ലംഘനം വരുത്താതിരിക്കുകയില്ല. മിതമായി സംസാരിക്കുന്നവൻ ബുദ്ധിമാൻ' എന്ന് ശലോമോൻ രാജാവും എഴുതിയിരിക്കുന്നു. പരിഹാസികളെ വെറുക്കുന്ന ദൈവം, പരദൂഷണം പറയുന്ന അനാത്മീയരെ ഒഴിവാക്കുവാനും ആഹ്വാനം ചെയ്യുന്നു. സങ്കീർത്തനം ആരംഭിക്കുന്നതു തന്നെ 'ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കാതെയും, പാപികളുടെ വഴിയിൽ നിൽക്കാതെയും, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും, യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവയെ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ' എന്ന് പറഞ്ഞുകൊണ്ടാണ് (സങ്കീർത്തനം 1:1, 2) ഇവിടെ പറയുന്ന ഓരോ വാക്കും ഗൗരവമുള്ളതാണെന്ന ചിന്ത നമ്മെ ഭരിക്കട്ടെ. ആലോചിക്കാതെ പറയുന്ന വിടുവാക്കുകൾ തിരിച്ചെടുക്കുവാൻ സാധിക്കുകയില്ലെന്നും മനസിലാക്കണം. അനാവശ്യമായി പറയുന്ന വാക്കുകൾ കൊണ്ടുതന്നെ അന്ത്യന്യായവിധിയിൽ നാം വിധിക്കപ്പെടുമെന്നുള്ളത് മറക്കരുത്.

'കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെയും വായ് തുറക്കാതിരുന്ന നമ്മുടെ അരുമരക്ഷകന്റെ സൗമ്യത ഏറ്റവും ശ്രേഷ്ഠമായിരുന്നു. (യെശയ്യാവ് 53: 6–8)'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും' എന്ന് ഗിരിപ്രഭാഷണത്തിലൂടെ നമ്മുടെ കർത്താവ് പ്രഖ്യാപിച്ചതും അതുകൊണ്ടാണ് (മത്തായി 5: 5) മഹാപുരോഹിതനായ കയ്യാഫാവിന്റെ നേതൃത്വത്തിൽ കള്ളസാക്ഷ്യം നടത്തി കുടുക്കുചോദ്യം ചോദിക്കുമ്പോൾ 'യേശുവോ മിണ്ടാതിരുന്നു'എന്ന് തിരുവചനത്തിൽ വായിക്കുന്നു. (മത്തായി 26:63, മർക്കൊസ് 14:6)'ഏറിയൊന്നു ചോദിച്ചിട്ടും അവൻ അവനോട് ഉത്തരമൊന്നും പറഞ്ഞില്ല' എന്ന് ഹെരോദാവിന്റെ ചോദ്യം ചെയ്യൽവേളയെക്കുറിച്ചു പരാമർശിക്കുന്ന ഭാഗത്തും എഴുതിയിരിക്കുന്നു (ലൂക്കൊസ് 23 :9).

## നാവ് കഠാരയെക്കാൾ അധികം, ഹൃദയങ്ങളെ കുത്തി മുറിവേൽപ്പിക്കുകയും, ആ മുറിവ് ഉണങ്ങാത്ത വ്രണം മാതിരി അനേകനാൾ നിലനിൽക്കുകയും ചെയ്യുന്നു.

മൗനം വിഡ്ഢിയുടെ ലക്ഷണമല്ല ശക്തന്റെ ആയുധം ആണെന്ന് അനുഭവത്തിലൂടെ കർത്താവ് തെളിയിച്ചു. ചില സന്ദർഭങ്ങളിലെ മൗനത്തിന് കൊടുങ്കാറ്റിനേക്കാൾ ശക്തിയുണ്ട്. 'അർത്ഥഗർഭമായ മൗനം' എന്ന പ്രയോഗം കേട്ടിട്ടില്ലേ? ബുദ്ധിമാന്മാർ മൗനം അവസരോചിതമായി ഉപയോഗിക്കും. സമൂഹത്തിലെ തിന്മകൾക്കെതിരെ പലപ്പോഴും ഗർജ്ജിച്ചിട്ടുള്ള നമ്മുടെ അരുമരക്ഷകനായ യേശുകർത്താവ് സൗമ്യനും മൃദുഭാഷിയുമായിരുന്നു. കർത്താവിന്റെ മൗനവും, വിനയവും, ശാന്തതയും അട്ടഹാസത്തെയും, അഹങ്കാരത്തെയും കൊടുങ്കാറ്റിനെയും കീഴടക്കുന്നതായിരുന്നു. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രം ആ സത്സ്വഭാവങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ താൻ അങ്ങേയറ്റം വിജയിച്ചു.

ദൈവം കാലാകാലങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ശക്തരായ ദൈവദാസന്മാർ മിതഭാഷികളും, സൗമ്യരുമായിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. സൗമ്യരെയും മിതഭാഷികളെയും സമൂഹം

ശേഷം പേജ് 27 ▶



ഡേവിഡ് വിൽക്കേഴ്സൺ

# ആത്മാവിന്റെ സാക്ഷി!

**വ**ർഷങ്ങൾക്കുമുമ്പ്, ന്യൂയോർക്ക് സിറ്റിക്ക് പുറത്തുള്ള ഒരു പള്ളിയിൽ ഒരു നവോത്ഥാന യോഗത്തിൽ പങ്കെടുക്കാൻ എന്നെ ക്ഷണിച്ചു. രണ്ട് യുവ സുവിശേഷകർ അവിടെ നടത്തിയ വിജയകരമായ ശുശ്രൂഷയിൽ സംബന്ധിച്ച ആളുകൾ ആഹ്ലാദിക്കുകയായിരുന്നു. ശുശ്രൂഷാസംഘത്തോടൊപ്പം ഞാൻ മുമ്പിൽ ഇരിപ്പുറപ്പിച്ചു. എനിക്കറിയില്ലായിരുന്നു ഞാൻ ഭയങ്കരമായ ഒരു സംഗതി സഹിക്കാൻ പോകുകയാണെന്ന്! ആളുകൾ ഈ യുവജോഡിയെ ശക്തമായ സുവിശേഷ സംഘം എന്ന് വിളിച്ചിരുന്നു. ഒരാൾ പ്രസംഗിച്ചു, മറ്റൊരാൾ പാടുകയും ഓർഗൻ വായിക്കുകയും ചെയ്തു. ഈ രണ്ട് യുവാക്കളെ ഞാൻ നിരീക്ഷിച്ചപ്പോൾ എന്റെ ഉള്ളിൽ എന്തോ ഒന്ന് പിടയാൻ തുടങ്ങി. എനിക്ക് ഒരു അസ്വസ്ഥത തോന്നി.

യുവ പ്രസംഗകൻ തന്റെ സന്ദേശം ആരംഭിക്കുന്നതിന് മുമ്പ് സദസ്സിനെ ആവേശഭരിതരാക്കി. ഏറ്റവും കൂടുതൽ സന്ദർശകരെ കൊണ്ടുവരുന്ന വ്യക്തിക്ക് ഓരോ രാത്രിയും അദ്ദേഹം മനോഹരമായ സമ്മാനങ്ങൾ നൽകിയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം ഒന്നിനുപുറകെ ഒന്നായി ആവേശകരമായ കഥകളായിരുന്നു. ജനക്കൂട്ടം ഇത് ഇഷ്ടപ്പെട്ടു. പക്ഷേ എന്റെ ഉള്ളിലെ പരിശുദ്ധാത്മാവ് ഉച്ചത്തിൽ പറഞ്ഞു: ഇത് ദൈവത്തിന്റേതല്ല എല്ലാം ജഡമാണ്! എന്തോ തിന്മ നടക്കുന്നു, പരിശുദ്ധാത്മാവ് ഇവിടെയില്ല. ആ രണ്ട് സുവിശേഷകർ സ്വവർഗ്ഗാനുരാഗികളാണ്. അവർ എല്ലാവരെയും കബളിപ്പിക്കുകയാണ്! ആ രാത്രിയിൽ ഞാൻ വാക്കുകൾക്ക് അതീതമായി സങ്കടപ്പെട്ടു

വീട്ടിലെത്തിയപ്പോൾ ഞാൻ സ്വീകരണമുറിയുടെ തറയിൽ വീണു, ഞരങ്ങി കരഞ്ഞു. എനിക്ക് ശ്വാസം കിട്ടുന്നില്ല. ഭാര്യ എന്നെ കണ്ടപ്പോൾ 'ഡേവ്, എന്താണ് കുഴപ്പം?എന്നോട് സംസാരിക്കൂ!എനിക്ക് സംസാരിക്കാൻ പോലും കഴിഞ്ഞില്ല. എനിക്ക് ഒരിക്കലും ഇത്രയും സങ്കടം തോന്നിയിട്ടില്ല. അവസാനം ഞാൻ പൊട്ടിത്തെറിച്ചു, ഇത് ദൈവത്തിന്റെ സങ്കടമാണ്! ആ ശുശ്രൂഷയിൽ ഒരു അന്ധതയുണ്ട്. അതെല്ലാം പൈശാചികമാണെന്ന് അവർക്ക് മനസ്സിലാകുന്നില്ല! എല്ലാവരും കൈകൊട്ടി, പക്ഷേ അവർ കരയണമായിരുന്നു! ആ രാത്രി ഞാൻ ഒരിക്കലും മറക്കില്ല. നേരം പുലർന്നപ്പോൾ ഞാൻ നിലവിളിച്ചു, ദൈവമേ, ആ പ്രസംഗകരും, ജോലിക്കാരും, മാതാപിതാക്കളും, കൗമാരക്കാരും അവർക്കൊന്നും ഇത് ദൈവികമല്ലെന്നു കാണാൻ കഴിഞ്ഞില്ലല്ലോ! സാത്താൻ പ്രവർത്തിക്കുന്നത് ആരും അറിഞ്ഞില്ല! കർത്താവേ, ഞാൻ ഭ്രാന്തനാണോ? ഞാൻ എന്തിനാണ് ഇത്രയധികം ഇളകിപ്പോയത്?

എന്റെ ഉള്ളിലെ പരിശുദ്ധാത്മാവായിരുന്നു സത്യത്തിന് സാക്ഷ്യം വഹിക്കുന്നത്! സത്യത്തിന്റെ ആത്മാവിനെപ്പോലും; ലോകത്തിന് സ്വീകരിക്കാൻ കഴിയില്ല. കാരണം ലോകം പരിശുദ്ധാത്മാവിനെ കാണുന്നില്ല, അറിയുന്നില്ല; എന്നാൽ നിങ്ങൾ പരിശുദ്ധാത്മാവിനെ അറിയുന്നു; അവൻ നിങ്ങളോടുകൂടെ വസിക്കുന്നു, അവൻ നിങ്ങളിൽ ഇരിക്കും (യോഹന്നാൻ 14:17). സത്യവും അസത്യവും വെളിപ്പെടുത്താൻ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു, ചെറിയ ശബ്ദത്തിൽ, ഹൃദയത്തിൽ ആഴത്തിൽ സംസാരിക്കുന്നു.

നമ്മുടെ വിശുദ്ധരായ പൂർവികരിൽ പലരും ആത്മാവിന്റെ ഈ പ്രവർത്തനത്തിൽ വിശ്വസിച്ചിരുന്നു. അവർ ആത്മാവിന്റെ സാക്ഷിയാകുന്നതിനെക്കുറിച്ച് ധാരാളം പ്രസംഗിച്ചു. എന്നാൽ ഈ സത്യം ഇന്ന് പ്രസംഗിക്കുന്നത് കേൾക്കാനില്ല. വാസ്തവത്തിൽ, ഇന്നത്തെ മിക്ക സഭകളിലും ആത്മാവിന്റെ സാക്ഷ്യം ഫലത്തിൽ കേട്ടുകേൾവി പോലുമില്ല! എന്നിരുന്നാലും, സത്യവിശ്വാസികൾക്ക് മുമ്പെങ്ങുമില്ലാത്തവിധം ആത്മാവിന്റെ സാക്ഷ്യം ആവശ്യമാണ്. കർത്താവിന്റെ ദിവസം അടുത്തുവരുമ്പോൾ നമുക്ക് അത് കൂടുതൽ കൂടുതൽ ആവശ്യമായി വരും! സാധ്യമെങ്കിൽ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ വഞ്ചിക്കാൻ സാത്താൻ വെളിച്ചദൂതനായി വന്നിരിക്കുന്നു. അവന്റെ ദുഷിച്ച വശീകരണങ്ങൾ തഴച്ചുവളരാൻ പോകുന്നു: തെറ്റായ ഉപദേശങ്ങൾ, തെറ്റായ ഉപദേഷ്ടാക്കൾ, തെറ്റായ സുവിശേഷങ്ങൾ. ദുഷ്ടരായ വ്യാജപ്രവാചകന്മാരാലും അഴിമതിക്കാരായ ഉപദേഷ്ടാക്കളാലും ജനക്കൂട്ടം അടിച്ചമർത്തപ്പെടുകയും ആകർഷിക്കപ്പെടുകയും ചെയ്യുന്നു!

എന്നാൽ നിങ്ങൾ കേൾക്കുന്നത് ശരിയാണോ തെറ്റാണോ, സത്യമാണോ അസത്യമാണോ എന്നറിയാൻ നിങ്ങളെ സഹായിക്കുന്നതിന് പരിശുദ്ധാത്മാവിന്റെ സാക്ഷ്യം നിങ്ങളിൽ ഉണ്ടായിരിക്കണം. നിങ്ങളുടെ ഹൃദയത്തിൽ അവന്റെ സാക്ഷ്യം പ്രവർത്തിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്ക് ഏത് പ്രസംഗം കേൾക്കാനും ഏത് മീറ്റിംഗിലും പോകാനും ഏത് പുസ്തകവും വായിക്കാനും ശുദ്ധവും അശുദ്ധവും എന്താണെന്ന് സംശയാതീതമായി അറിയാനും കഴിയും. ഒരു ദുഷ്ടതയിലും വഞ്ചിതരാകില്ല എന്ന ആത്മാവിനാലുള്ള ഉറപ്പിൽ നടക്കാം! ആത്മാവിന്റെ ആന്തരിക സാക്ഷ്യം സമാധാന തത്വത്തിൽ പ്രവർത്തിക്കുന്നത് നിങ്ങൾ കാണും. ദൈവത്തിന്റെ സമാധാനമാണ് നിങ്ങൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ കാര്യം. നിങ്ങളുടെ സമാധാനം തകരാറിലാകുമ്പോൾ, പരിശുദ്ധാത്മാവ് നിങ്ങളോട് സംസാരിക്കുന്നുവെന്ന് നിങ്ങൾക്ക് ഉറപ്പിക്കാം! നിങ്ങളുടെ ആത്മാവിൽ ഒരു അസ്വസ്ഥത ഉണ്ടാകുമ്പോൾ ഉള്ളിൽ ഒരു കുലുക്കവും പ്രക്ഷുബ്ധതയും ഉണ്ടാകുമ്പോൾ നിങ്ങൾ പറഞ്ഞേക്കാം, എനിക്ക് അവന്റെ സാക്ഷ്യം എന്റെ ഹൃദയത്തിൽ വേണം.

എനിക്കതെങ്ങനെ ലഭിക്കും? എളിമയുള്ള, ശുദ്ധമായ ഒരു ഹൃദയത്തിൽ മാത്രമേ പരിശുദ്ധാത്മാവിനു പ്രവർത്തിക്കാൻ കഴിയൂ! ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ (കൊലോസ്യർ 3:15). മറഞ്ഞിരിക്കുന്ന, അനുതപിക്കാത്ത ഏതൊരു പാപവും വിശ്വാസിയുടെ വിലയേറിയ സമാധാനത്തെ അപഹരിക്കും! കുറ്റബോധം, ഭയം എന്നിവ അവന്റെ ഹൃദയത്തെ കീറിമുറിക്കും. ആത്മാവ് അവനോട് രണ്ട് വാക്കുകൾ മാത്രമേ സംസാരിക്കൂ. പശ്ചാത്തപിക്കുക! ദൈവത്തിങ്കലേക്കു തിരിയുക! അതെ, നിങ്ങളെ തിരുത്താൻ ആത്മാവ് നിങ്ങളോട് സംസാരിക്കും; പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും നിങ്ങളോട് ഇടപെടും. നിങ്ങൾക്ക് ദിശാബോധം നൽകുന്ന അതായത്, എന്തുചെയ്യണം, എവിടേക്ക് പോകണം എന്ന് നിങ്ങളോട് പറയുന്ന നിശ്ചലമായ ഒരു മൃദുശബ്ദം!

പരിശുദ്ധാത്മാവ് അശുദ്ധമായ ഹൃദയത്തിൽ ഒരിക്കലും പ്രവർത്തിക്കില്ല! നിങ്ങൾ പാപത്തിൽ തുടരുകയാണെങ്കിൽ നിങ്ങൾ അത് ഏറ്റുപറഞ്ഞുപേക്ഷിക്കുന്നില്ലെങ്കിൽ പാപത്തിൽ തുടരുവാൻ പ്രേരിപ്പിക്കുന്ന പഠിപ്പിക്കലുകൾ നിങ്ങൾ കേൾക്കും. നിങ്ങൾ പൂർണ്ണമായും വഴിതെറ്റിക്കപ്പെടും! ദൈവത്തിന്റെ യഥാർത്ഥ ഉപദേശം കാംക്ഷിക്കുന്നതായി അവകാശപ്പെട്ട് പുറപ്പെട്ട ഒരു ജനതയെക്കുറിച്ച് യെശയ്യാവ് പറയുന്നു. 'എന്നാൽ ഈ ആളുകൾക്ക് അവരുടെ ഹൃദയത്തിൽ വഞ്ചന ഉണ്ടായിരുന്നു, അവർ അവരുടെ എല്ലാ ആലോചനകളിലും വികൃതരായിത്തീർന്നു! തൽഫലമായി, അവർക്ക് തിന്മയെ തിരിച്ചറിയാൻ കഴിഞ്ഞില്ല. വിശുദ്ധവും ശുദ്ധവുമായവയെ അവർ അനീതി എന്നു വിളിച്ചു'. യെശയ്യാവ് അവരെക്കുറിച്ച് പറഞ്ഞു: 'തിന്മയെ നന്മ എന്നും നന്മയെ തിന്മ എന്നും വിളിക്കുന്നവർക്കും അയ്യോ കഷ്ടം; ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കി; കയ്പിനെ മധുരവും മധുരത്തെ കൈപ്പും

ആക്കുന്നവർ!'(യെശയ്യാവു 5:19, 20).

കുറച്ചുകാലം മുമ്പ് എന്റെ പരിചയക്കാരനായ ഒരു ശുശ്രൂഷകൻ ഒരു ബൈബിൾ അദ്ധ്യാപകന്റെ പ്രസംഗം കേൾക്കരുതെന്ന് മുന്നറിയിപ്പ് നൽകി. ആ മനുഷ്യൻ ഏറ്റവും മോശമായതും തെറ്റായതും ആയ ഉപദേശമാണ് പ്രസംഗിക്കുന്നത്! അവനിൽ നിന്ന് അകന്നു നിൽക്കുക, അല്ലെങ്കിൽ അത് നിങ്ങളെ നശിപ്പിക്കും. അവൻ അപകടകാരിയാണ്! ഈ സംസാരത്താൽ ആ അധ്യാപകനോടുള്ള അമർഷം എന്റെയുള്ളിൽ നിറഞ്ഞിരുന്നു. പക്ഷേ ആ അധ്യാപകന്റെ പ്രസംഗം കേട്ടപ്പോൾ എന്റെ ഹൃദയം എന്റെ ഉള്ളിൽ കുതിച്ചു. എന്റെ ആത്മാവിൽ സമാധാനം നിറഞ്ഞു! അപകടകരമായ ഭാഗം കേൾക്കാൻ ഞാൻ കാത്തിരുന്നു. എന്നാൽ സന്ദേശം വിശുദ്ധിയിൽ നടക്കാനും ശുദ്ധമായ ഹൃദയം ഉള്ളവരാകണമെന്നുമായിരുന്നു.ഓരോന്നും ആദ്യത്തേതിനേക്കാൾ മധുരമായിരുന്നു! ഞാൻ ചിന്തിച്ചു: ഇത് അപകടകരമോ തിന്മയോ ആണെന്ന് ആർക്കെങ്കിലും എങ്ങനെ പറയാൻ കഴിയും?

എന്നാൽ അദ്ധ്യാപകനെ കുറ്റപ്പെടുത്തിയ ശുശ്രൂഷകൻ എന്നോട് പറഞ്ഞത് ഞാൻ ശരിക്കും വിശ്വസിച്ചിരുന്നു. അനേകർക്കും ഇന്നും സംഭവിക്കുന്ന ഒരു അബദ്ധമാണിത്. ഒരു ശബ്ദം അവനോട് സംസാരിച്ചതായി ഞാൻ വിശ്വസിക്കുന്നു. പക്ഷേ അത് ദൈവത്തിന്റെ ശബ്ദമായിരുന്നില്ല! ജഡത്തിന്റെ ശബ്ദമായിരുന്നു അത്! വിശുദ്ധിയെ കുറിച്ചുള്ള സന്ദേശങ്ങൾ അവന്റെ ഉള്ളിൽ എന്തോ ആഴത്തിൽ സ്പർശിക്കുകയും അവനെ ദേഷ്യം പിടിപ്പിക്കുകയും ചെയ്തു. ഈ നല്ല പഠിപ്പിക്കൽ തിന്മയാണെന്ന് ഒരു ആന്തരിക ശബ്ദം അവനോട് പറയുന്നുണ്ടായിരുന്നു. അവൻ തീർത്തും തെറ്റിദ്ധരിച്ചു! എന്തുകൊണ്ട്? കാരണം പാപം അവനെ അന്ധനാക്കി! അവൻ എങ്ങനെയോ വിട്ടുവീഴ്ച ചെയ്തു. ലോകത്തിന്റെ ആത്മാവ് അവനിലേക്ക് കടന്നുകയറി. ഈ ലോകത്തിലുള്ളവർക്ക് പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാൻ കഴിയില്ലെന്ന് യേശു പറഞ്ഞു. ലോകത്തിന് അവനെ സ്വീകരിക്കാൻ കഴിയില്ല, കാരണം അത് അവനെ കാണുന്നില്ല, അവനെ അറിയുന്നില്ല(യോഹന്നാൻ 14:17).

**ദുരഭിമാനിയിൽ ആത്മശബ്ദം ഉണ്ടാകില്ല!**

അഹങ്കാരവും വിനയവും തമ്മിൽ ഞാൻ വ്യക്തമായി വേർതിരിക്കട്ടെ: എളിമയുള്ളവൻ തന്നെക്കുറിച്ച് ചിന്തിച്ച് തല കുനിച്ച് ഞാൻ ഒന്നുമല്ല എന്ന് പറയുന്നവനല്ല. മറിച്ച്, അവൻ എല്ലാ ക്കാര്യങ്ങൾക്കും എല്ലാ സാഹചര്യങ്ങളിലും കർത്താവിൽ പൂർണ്ണമായും ആശ്രയിക്കുന്നവനാണ്. കർത്താവ് അവനെ നയിക്കുകയും ശക്തിപ്പെടുത്തുകയും ഉണർത്തുകയും ചെയ്യണമെന്ന് അവനറിയാം. ദൈവത്തിന്റെ മനസ്സ് അറിയുന്നതു വരെ അവനൊന്നും ചെയ്യില്ല, കർത്താവാജ്ഞാപിക്കുന്നതുവരെ ഒന്നും പ്രവർത്തിക്കില്ല!


മറുവശത്ത്, ഒരു അഹങ്കാരി, ദൈവത്തെ ഒരു രീതിയിൽ സ്നേഹിച്ചേക്കാം. എന്നാൽ അവൻ സ്വയം പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുന്നു. അഹങ്കാരികൾ സ്വന്തയുക്തി, പ്രാപ്തി, കഴിവുകൾ എന്നിവയെ അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുക്കുന്നു. എന്നിട്ട് അവൻ ചിന്തിക്കുന്നു. ദൈവം എനിക്ക് നല്ല മനസ്സ്, പ്രാപ്തി, കഴിവുകൾ തന്നു, ഞാൻ അത് ഉപയോഗിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. ജീവിതത്തിന്റെ എല്ലാ വിശദാംശങ്ങളിലും ദൈവത്തോട് വഴി ചോദിക്കുന്നത് അനാവശ്യമാണ്. ഈ വ്യക്തിക്ക് ആരെയും പഠിപ്പിക്കാൻ കഴിയില്ല.

ഞാൻ ലോകമെമ്പാടും അറിയപ്പെടുന്ന ഒരു യുവസുവിശേഷകനായിരുന്നു. അറിയപ്പെടുന്ന ഏതെങ്കിലുമൊരു ദൈവപുരുഷനെ ഞാൻ ശ്രദ്ധിക്കുമായിരുന്നു. പക്ഷേ, അപരിചിതനായ, വിദ്യാഭ്യാസമില്ലാത്ത ഒരാളെ ഞാൻ വളരെ അപൂർവമായേ കേൾക്കാറുള്ളൂ! ചില യുവ പ്രസംഗകർ എന്നോട് എന്തെങ്കിലും പറയാൻ ശ്രമിക്കുമ്പോൾ എന്റെ ഓഫീസിലേക്ക് വരുമ്പോഴെല്ലാം, അവർ സന്തോഷത്തോടെ പുറത്തേക്ക് പോകുന്നതിന് മുമ്പ് എനിക്ക് ഈ അനുഭവമെല്ലാം ലഭിച്ചു. ഞാൻ ഇത്രയും ആഴത്തിലുള്ള പരിശോധനയുടെ വെള്ളത്തിലൂടെയാണ് കടന്നുപോയത്. അവർ അനുഭവപരിചയമുള്ളവരല്ലെങ്കിൽ, അവർക്ക് എന്നോട് ഒന്നും തിരിച്ചുപറയുവാൻ ഉണ്ടാകുമായിരുന്നില്ല. എന്നാൽ ദൈവം എന്റെ ഈ മനോഭാവത്തിന് ഒരു മാരക പ്രഹരം ഏൽപ്പിച്ചു.

ഞാൻ ഒരിക്കലും കേട്ടിട്ടില്ലാത്ത ഒരു വ്യക്തിയുടെ ഒരു പ്രസംഗം ഒരാൾ എനിക്ക് അയച്ചു. ഞാൻ ടേപ്പ് ഏകദേശം പതിനഞ്ച് മിനിറ്റ് ശ്രദ്ധിച്ചു. ഈ അജ്ഞാതൻ സത്യമാണ് പറയുന്നതെന്ന് എനിക്ക് മനസ്സിലായി. യഥാർത്ഥ വിശുദ്ധനും വിനീതനുമായ ഒരു മനുഷ്യനെ ഞാൻ ശ്രദ്ധിക്കുന്നുണ്ടെന്ന് ആത്മാവ് എന്നോട് പറഞ്ഞു. കഴിഞ്ഞ പതിനഞ്ച് വർഷമായി താൻ പഠിച്ച ഒരേയൊരു പുസ്തകം തന്റെ ബൈബിളാണെന്ന്

ശേഷം പേജ് 27 ▶





ഡോ. സുജിത്ത് സൈമൺ

# സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ശക്തി

സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും മഹത്വത്തെ പറ്റി ആദ്ധ്യാത്മിക ചിന്തകർ മാത്രമല്ല, കവികളും കലാകാരന്മാരും സാമൂഹ്യപ്രവർത്തകരും എല്ലാം പ്രകീർത്തിക്കുന്നുണ്ട്. ജീവിതത്തിന്റെ എല്ലാ പ്രായത്തിലും തലത്തിലുമുള്ളവർ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും മാസ്മരശക്തിയെപ്പറ്റി സാക്ഷ്യം വഹിക്കുന്നു. കുടുംബങ്ങളെ ഭൂമിയിലെ പറുദീസകൾ ആക്കി മാറ്റുന്നത് സ്നേഹവും സൗഹൃദവും ഒന്നുമാത്രമാണ്. അതിന്റെ അഭാവം നരകങ്ങളെ സൃഷ്ടിക്കുകയും ചെയ്യും. എന്നാൽ സ്നേഹത്തിനും സൗഹൃദത്തിനും നമ്മുടെ ആരോഗ്യത്തെ സ്വാധീനിക്കുവാനും ശക്തിപ്പെടുത്തുവാനും കഴിയുമെന്ന യാഥാർത്ഥ്യം പലരും മനസ്സിലാക്കിയിട്ടുണ്ടാവുകയില്ല. ഇവ അളവില്ലാതെ നൽകുന്നതിൽ കൂടി രോഗ പ്രതിരോധ ശക്തി വർദ്ധിക്കുന്നതായും, ഇവ നിഷേധിക്കപ്പെടുമ്പോൾ രോഗത്തിന്റെ കടന്നാക്രമണം എളുപ്പത്തിൽ സംഭവിക്കുന്നു എന്നും പരീക്ഷിച്ചു തെളിഞ്ഞിട്ടുള്ളതാണ്. സ്നേഹവും സൗഹൃദവും ശക്തമായ ഊർജ്ജമാണ്. നമ്മുടെ ഭാവനയ്ക്കും സങ്കല്പത്തിനും അതീതമായ ശക്തി ഇവയ്ക്കുണ്ട്. സ്നേഹവും സൗഹൃദവും നിറഞ്ഞ ജീവിതവും അനുഭവവും ഉള്ളവർ, അതില്ലാത്തവരേക്കാൾ ദീർഘായുസ്സുള്ളവർ എന്ന് ശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്ന സത്യമാണ്. സ്വീഡനിൽ നടത്തിയ ഒരു പഠനത്തിൽ 50 വയസ്സിനുമുകളിലുള്ള പുരുഷന്മാരിൽ വൈകാരികമായ സംഘർഷവും സമ്മർദ്ദവും വലിയ തോതിലുണ്ടായി എങ്കിലും കുടുംബാംഗങ്ങളുടെയും, സുഹൃത്തുക്കളുടെയും സ്നേഹവും പിന്തുണയും ലഭിച്ചതുകൊണ്ട് അവർ ആരോഗ്യത്തോടെ ജീവിതം തുടർന്നു. എന്നാൽ അങ്ങനെ സ്നേഹവും പിന്തുണയും ലഭിക്കാത്ത അതേ പ്രായക്കാർ രോഗഗ്രസ്തരായിത്തീരുകയായിരുന്നു. ഗവേഷകർ കണ്ടെത്തിയിട്ടുള്ളത്, ശക്തമായ പിന്തുണയും സ്നേഹബന്ധവും ലഭിക്കാത്തവരുടെ രോഗപ്രതിരോധശക്തി കുറഞ്ഞുപോകുന്നു എന്നാണ്. അതിനാൽ സ്നേഹപൂർണ്ണമായ ബന്ധം നാം നിലനിർത്തുമ്പോൾ ആരോഗ്യത്തോടെ ജീവിക്കാൻ അത് നമ്മെ സഹായിക്കുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് ദാർശനികനായ പ്ലേറ്റോ പ്രസ്താവിച്ചു, 'നാം ബാല്യത്തിൽ ആയിരിക്കുമ്പോൾ ഉത്തമ സ്നേഹിതരെ ആവശ്യമുണ്ട്, അപഥസഞ്ചാരത്തിൽ നിന്ന് നമ്മെ സൂക്ഷിക്കുവാൻ. നാം യൗവ്വനത്തിലെത്തുമ്പോഴും ഉത്തമ സ്നേഹിതർ വേണം നമ്മുടെ കർമ്മപദ്ധതികൾ വിജയിപ്പിക്കുന്നതിനും സാധ്യമാക്കുന്നതിനും. നമ്മുടെ വാർധക്യത്തിലും നമ്മുടെ വേദനകൾ പങ്കു വെക്കുന്നതിനും ഹൃദയഭാരങ്ങൾ ഇറക്കി വയ്ക്കുന്നതിനും ഉത്തമസുഹൃത്തുക്കൾ ആവശ്യമുണ്ട്." സൈക്കോതെറാപ്പിസ്റ്റ് ഡോക്ടർ ഡോറിസ്, ഉത്തമ സൗഹൃദത്തിന്റെ സവിശേഷതകൾ വിവരിക്കുന്നു: "നിങ്ങൾ അപകടത്തിലോ പ്രതിസന്ധിയിലോ അകപ്പെടുമ്പോൾ ഉത്തമ സ്നേഹിതൻ സ്വന്തം പരിപാടികളെ മാറ്റിവെച്ച് നിങ്ങളുടെ സഹായത്തിന് ഓടിയെത്തുന്നു. നിങ്ങളുടെ വിജയങ്ങളിലും നേട്ടങ്ങളിലും ആത്മാർത്ഥമായി സന്തോഷിക്കുകയും കടന്നെത്തി നിങ്ങളെ അഭിന

ന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ വേദനപ്പെടുമ്പോൾ ആ വേദനയിൽ നിർവ്യാജമായി പങ്കുചേരുന്നു. നിങ്ങളുടെ സ്വപ്നങ്ങളെയും പ്രതീക്ഷകളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യും. എന്നാൽ ആ ഉപദേശങ്ങൾ നിങ്ങൾ നിരസിച്ചാൽ തന്നെയും നീരസം കാണിക്കാതെ, നിങ്ങളെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യും."

ക്യാൻസർ, ഹൃദ്രോഗം തുടങ്ങി മാരകമായ പല രോഗങ്ങളുടെയും കടന്നാക്രമണത്തിന് വിധേയനായിട്ടുള്ള ഒരാളുടെ സാക്ഷ്യം തന്റെ ജീവിതപങ്കാളിയുടെ സ്നേഹസമ്പന്നമായ പരിചരണവും, നിർലോഭമായ കരുതലും രോഗത്തെ അതിജീവിക്കാൻ ഏറെ സഹായിച്ചു എന്നാണ്. ഒരു ആധുനിക മന:ശാസ്ത്രജ്ഞൻ പറയുന്നത് "ഉത്തമമായ സൗഹൃദവും സ്നേഹവും ആരോഗ്യത്തെ ഭദ്രമാക്കുന്നു, സന്തോഷം സാധ്യമാക്കുന്നു. മ്ലാനതയും ആകുലതയും അകറ്റുന്നു."ചില ഇൻഷ്വറൻസ് കമ്പനികൾ നടത്തിയിട്ടുള്ള പഠനത്തിൽ: "ജീവിതപങ്കാളിയുടെ സ്നേഹം നിറഞ്ഞ പെരുമാറ്റവും കരുതലും ലഭിക്കുന്നവർക്ക് അത് ലഭിക്കാത്തവരെക്കാൾ ആയുർദൈർഘ്യം കൂടിയിരിക്കുന്നു" എന്നാണ്. ഉത്തമഭാര്യയെ കിട്ടുന്നവന് നന്മ ലഭിക്കുന്നു എന്നാണ് ജ്ഞാനിയായ ശലോമോൻ പ്രസ്താവിച്ചിരിക്കുന്നത്. ഒരു സാമൂഹ്യ ശാസ്ത്രജ്ഞൻ പറയുന്നത്, പ്രായമായ നിങ്ങളുടെ മാതാപിതാക്കളോട് നിങ്ങൾ സ്നേഹനിർഭരമായ ബന്ധം പുലർത്തുന്നു എങ്കിൽ അവർക്ക് ദീർഘായുസ്സ് ഉണ്ടാകും എന്നാണ്. മക്കളോട് ഏറ്റവും അടുപ്പവും വാത്സല്യവും പുലർത്തുന്ന മാതാപിതാക്കൾക്ക് നൈരാശ്യമോ, ശാരീരികമായ അവശതയോ കുറഞ്ഞിരിക്കും എന്നാണ് ഒരു പഠനത്തിൽ വ്യക്തമാക്കുന്നത്. സ്നേഹം നിറഞ്ഞ ഹൃദയവും സ്നേഹപൂർണ്ണമായ അനുഭവവും ഉള്ളവരിൽ എൻഡോർഫിൻ എന്ന വേദന കുറയ്ക്കുന്ന ഘടകം വർദ്ധിച്ചിരിക്കുമെന്നും അത് ഉന്മേഷം ഉളവാക്കുവാനും വേദന അതിജീവിക്കുവാനും ഉതകുന്നു എന്നും കണ്ടുപിടിച്ചിട്ടുണ്ട്. സ്നേഹം നിഷേധിക്കപ്പെടുന്ന അനുഭവം ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. വിവാഹമോചനത്തിന് ചിന്തിക്കുന്നവരിൽ രക്തസമ്മർദ്ദം വർദ്ധിക്കുകയും ഹൃദയാഘാതത്തിന് കാരണമായി തീരുകയും ചെയ്തിട്ടുള്ളതായും തിരിച്ചറിഞ്ഞിട്ടുണ്ട്. വിദ്വേഷം, പിണക്കം, കോപം, അസൂയ, വൈരാഗ്യം തുടങ്ങിയ വികാരങ്ങൾ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

യേശുക്രിസ്തു ഉപദേശിച്ചു, "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുകയും നിങ്ങളെ വിദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുകയും നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവീൻ". ഇതു സാധിക്കണമെങ്കിൽ ക്ഷമയുടെ ശക്തി നാം ആർജിക്കണം. തെറ്റ് പറ്റുക എന്നത് മനുഷ്യസഹജമെങ്കിൽ, ക്ഷമിക്കുക എന്നത് ദൈവീകമാണ്. ക്ഷമിക്കാൻ കഴിയുമ്പോൾ സ്നേഹത്തിന്റെ ശക്തി വെളിപ്പെടുത്തുകയാണ്. ക്ഷമിക്കുവാനുള്ള അവസരം നീട്ടിവയ്ക്കരുത്. തെറ്റിപ്പോയി എന്ന് കണ്ടാൽ തൽക്ഷണം ക്ഷമ ചോദിക്കാൻ കഴിയണം. യേശുകർത്താവ് കാൽവറി ക്രൂശിൽ വെളിപ്പെടുത്തിയ സ്നേഹവും ക്ഷമയും വളരെ ഗൗരവമായി നാം കണക്കിലെടുക്കേണ്ടതുണ്ട്. "പിതാവേ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവരറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ." കഠിനവേദനയുടെ മധ്യത്തിലും കർത്താവു കാണിച്ച മാതൃകയായ സ്നേഹവും ക്ഷമയും മനസ്സലിവും നാമും പ്രവർത്തികമാക്കേണ്ടതാണ്. കർത്താവു പഠിപ്പിച്ച പ്രാർത്ഥനയിൽ ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ, എന്ന അപേക്ഷ , നാം മറ്റുള്ളവരോട് ക്ഷമിക്കുന്നില്ല എങ്കിൽ ദൈവത്തിൽ നിന്ന് ക്ഷമ പ്രാപിക്കുവാൻ നാം അനർഹരാണെന്നുള്ള സ്വയപ്രഖ്യാപനം നമുക്ക് വരുത്താവുന്ന ദോഷം അതിഭീകരമാണെന്ന് വളരെ ഗൗരവത്തോടെ നാം മനസ്സിലാക്കേണ്ടതാണ്.

നമ്മുടെ ദൈനംദിന ജീവിതത്തിൽ 'സ്നേഹത്തെയും സൗഹൃദത്തെയും' മുറുകെപ്പിടിക്കുക. സ്നേഹത്തിന്റെ പ്രവർത്തികൾ ചെയ്യുക. ഉപ്പിനാൽ രുചി വരുത്തിയതും കൃപയോടുകൂടിയതുമായ വാക്കുകൾ സൗഹൃദത്തോടെ ഉരുവിടുക. കർത്താവിന്റെ കൃപയാലും പരിശുദ്ധാത്മസഹായത്താലും അല്ലാതെ നമ്മുടെ സ്വന്ത ശക്തിയിലോ പ്രാപ്തിയിലോ ഇങ്ങനെ ചെയ്യുവാൻ നാം ആരും പ്രാപ്തരല്ല. അതായതു ദൈവാശ്രയത്തലല്ലാതെ സ്വയമായി പ്രയോഗികമാക്കുവാൻ നമ്മാൽ അസാധ്യമാണ്. ഇവ നമ്മുടെ ശാരീരിക, ആത്മിക ആരോഗ്യത്തെ സംരക്ഷിക്കുവാൻ ഉതകുന്ന ഉപാധികളാണ്. ●



സുജ വിനു

# തലകീഴായ ഒരു നടപ്പ്

മരണത്തിനപ്പുറമുള്ള ഒരു നിത്യത, ശരീരത്തിലിരിക്കുമ്പോൾ എടുക്കുന്ന തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ സ്വർഗത്തിലോ നരകത്തിലോ ആയിരിക്കും  എന്ന വിശ്വാസമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറ. വീണ്ടുംജനിക്കപ്പെട്ട നാം ആവട്ടെ നമ്മുടെ നിത്യത സ്വർഗ്ഗത്തിൽ ക്രിസ്തുവിനൊപ്പം എന്ന് ഉറപ്പിച്ചിട്ടുള്ളവരാണ്. എങ്കിലും കാണപ്പെടുന്ന ലോകത്തിന്റെ മായികസത്യങ്ങളിൽ കുരുങ്ങി, നിത്യതയിലെ  ജീവിതം എന്ന ആത്യന്തികസത്യത്തെ ചിലപ്പോഴൊക്കെ നാം മറന്നുപോകുന്നു. കാണപ്പെടുന്നവ അദൃശ്യമായ ആത്മിക കാഴ്ചയെ മറയ്ക്കുന്നതിനാൽ, സ്വർഗ്ഗീയമായ  കാണപ്പെടാത്തവയെ ദർശിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്ന അവസ്ഥ.

വചനം പങ്കുവയ്ക്കുന്ന ദൈവരാജ്യ ചിന്തകൾ ചേർത്തുവെച്ച് പഠിക്കുന്നത് നമ്മുടെ ഭൗമിക ജീവിതത്തിന്റെ ഗതിവിഗതികളെ, നിത്യജീവിതമെന്ന യാഥാർത്ഥ്യത്തെ മുൻനിർത്തി സമീപിക്കാൻ സഹായകരമാണ്. അങ്ങനെ പഠിക്കുമ്പോൾ വെളിപ്പെട്ടു കിട്ടുന്ന ഒരു പ്രധാന വസ്തുത, ലോകജീവിത വ്യവസ്ഥയുടെ, തലകീഴായ അതായത് നേർവിപരീതമായ ഒന്നാണ് സ്വർഗ്ഗരാജ്യത്തിന്റേത്. ലോകത്തോടുള്ള സ്നേഹം, ദൈവസ്നേഹത്തിന് വിരുദ്ധമാണ് എന്ന ഒറ്റവരിയിൽ തന്നെ ഈ ആശയം വ്യക്തമാണ്; എങ്കിലും ലോകപ്രകാരമുള്ള മഹത്സംഗതികളെ, ദൈവവചന വെളിച്ചത്തിൽ പരിശോധിക്കുന്നത്, നമ്മുടെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തുന്നതിന് ഗുണകരമായേക്കാം.

**ധനം**

ദൈവത്തെയും മാമോനേയും ഒന്നിച്ച് സേവിക്കുക സാധ്യമല്ല, ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിലും എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എന്നു തുടങ്ങിയ പ്രസ്താവനകളിലൂടെയും, ലാസറിന്റെയും ധനവാന്റെയും സംഭവത്തിലൂടെയും ഒക്കെ ഭൗതിക സമ്പത്തിന്റെ പ്രയോജനരാഹിത്യം ഊന്നിപ്പറയുന്നു ക്രിസ്തു. ചിതലരിക്കുകയും കള്ളന്മാർ മോഷ്ടിക്കുകയും ചെയ്യാത്തതായി സ്വർഗ്ഗരാജ്യത്തിൽ കൂട്ടിവയ്ക്കേണ്ട ഒരു നിക്ഷേപത്തെപ്പറ്റി പറയുമ്പോൾ, അതു ലൗകികസമ്പന്നതയെപ്പറ്റി അല്ലെന്ന് സുവ്യക്തം.

അനേകതവണ ആവർത്തിച്ചു കേൾക്കുമ്പോഴും, പണത്തിന് ലോകം കൊടുക്കുന്ന അമിത പ്രാധാന്യം ചിലപ്പോൾ വിശ്വാസികളെയും സ്വാധീനിക്കുന്നില്ലേ? കൈസറിനുള്ളത് കൈസർക്കു  കൊടുക്കാൻ ലോകത്തിൽ ജീവിക്കുമ്പോൾ ലോകധനം ആവശ്യമാണ്. മറ്റെല്ലാ നന്മകളും ഉണ്ടായിട്ടും, പ്രഥമ പരിഗണന ധനത്തിനാണെന്നതുകൊണ്ടാണ് ഉള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുവാൻ യേശു ധനികയുവാവിനോട് പറയുന്നതെന്നോർത്ത് ധനത്തോടുള്ള സമീപനത്തിൽ നമുക്ക് കൂടുതൽ ജാഗരൂകരാകാം.

**നീതി**

....നീതി പ്രവർത്തികൾ കറപുരണ്ട തുണി പോലെയാണ്....  തൊണ്ണൂറ്റൊൻപത് നീതിമാന്മാരെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാ

കും; നീതിമാൻ ഒരുവൻ പോലുമില്ല;.... തുടങ്ങിയ വരികളിൽ ലോകനീതിയുടെ വ്യർത്ഥത വരച്ചു കാട്ടുന്നു; സ്വർഗ്ഗരാജ്യനീതിക്കൊപ്പമെത്താൻ മനുഷ്യൻ കഴിവില്ലാത്തവൻ എന്ന് വെളിപ്പെടുത്തുന്നു. ക്രിസ്തു നമ്മുടെ നീതീകരണമാണെന്ന്, എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്ന് വചനം പറയുമ്പോൾ അത് കർമ്മമാർഗേണയുള്ള നിയമാനുസരണത്തിന്റെ നീതിയല്ലെന്ന് വ്യക്തം. പൂജകൾ, കൂദാശകൾ തുടങ്ങിയ കർമ്മാനുഷ്ഠാനത്തിന്റെ നീതിയുമല്ല. ക്രിസ്തു എനിക്ക് നീതിയായിത്തീർന്നു എന്ന വിശ്വാസത്തിലൂടെ മാത്രം കൈവരുന്ന ഒന്നാണ് സ്വർഗ്ഗരാജ്യനീതി. മനുഷ്യബുദ്ധിക്ക് അസ്വീകാര്യമായ ഒന്നാണിത്. അനീതിയാൽ ജീവിക്കാനല്ല, പൂർത്തീകരിക്കപ്പെട്ട ക്രിസ്തുനീതിയിൽ പങ്കുചേരാനാണ് വിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നത്.

**മാനം**

ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടമായാൽ എന്ത് പ്രയോജനം? മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമാകും.... നീ വിരുന്നൊരുക്കുമ്പോൾ ബലഹീനരെയും ദരിദ്രരെയും ക്ഷണിക്കുക എന്നിങ്ങനെയുള്ള പ്രബോധനങ്ങളിലെല്ലാം ലോകപദവികളും ലോകബഹുമാനങ്ങളും സ്വർഗ്ഗരാജ്യപ്രാപ്തി ഉറപ്പാക്കുന്നില്ലെന്ന് വിളിച്ചുപറയുന്നു. പൗലോസാകട്ടെ ലോകത്തിലെ തന്റെ അറിവധികാരങ്ങളെയെല്ലാം ചപ്പെന്നും ചവറെന്നും എണ്ണുന്നു. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ സകലരുടെയും ദാസനായിരിക്കണം എന്നതാണ് ക്രിസ്തു പ്രഖ്യാപിക്കുന്ന സ്വർഗ്ഗരാജ്യയോഗ്യത. ദാസന്മാരാണ് മുൻപന്തിയിൽ എത്തുക എന്നു പറയുമ്പോൾ, ലോക മൂല്യവ്യവസ്ഥയുടെ നേർവിപരീതമാണ് ദൈവരാജ്യവ്യവസ്ഥ എന്നതിന് വിശദീകരണങ്ങൾ ആവശ്യം തന്നെയില്ല. അത്ഭുതാടയാളങ്ങളാൽ, ആത്മീയശുശ്രൂഷയിൽ ഉന്നതന്മാരായവരും, കർത്താവേ, കർത്താവേ എന്ന് വിളിച്ച് വീര്യപ്രവർത്തികൾ ചെയ്യുന്നവരുമല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് എന്ന് ക്രിസ്തു മുന്നറിയിപ്പ് നൽകുന്നു.

**സ്വാശ്രയത്വം**

'അവനിൽ ആശ്രയിച്ചവർ ലജ്ജിച്ചു പോയില്ല', 'എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ചവനിൽ നിന്ന് വരും' എന്ന് തുടങ്ങി, ദൈവത്തിൽ മാത്രം ആശ്രയിക്കുന്നവരെക്കുറിച്ച് സങ്കീർത്തനം പ്രകീർത്തിക്കുന്നു. സ്വർഗ്ഗരാജ്യം ശിശുക്കളെപ്പോലെയുള്ളവർക്കാണ് എന്ന് പറയുമ്പോൾ ശിശുസഹജമായ ആശ്രിതത്വം ഉദ്ദേശിക്കപ്പെടുന്നു, ലോകത്തിന്റെ മുൻനിര മൂല്യങ്ങളിലൊന്നാണ് സ്വാശ്രയത്വം. സ്വന്തബുദ്ധിയിലും കഴിവിലും ആശ്രയിക്കുന്നവർ ലോകത്തിൽ മിടുക്കന്മാരായേക്കാമെങ്കിലും തന്നെ അന്വേഷിക്കുന്ന ബുദ്ധിമാന്മാരുണ്ടോ എന്ന് യഹോവ അന്വേഷിക്കുന്നതായി വചനം പഠിപ്പിക്കുന്നു.

**സാമാന്യമര്യാദ**

ശിഷ്യന്മാർ കൈകഴുകാത്തതെന്ത്? നീ ശബത്തിൽ വേല ചെയ്യുന്നതെന്ത്? നിങ്ങൾ ഉപവസിക്കാത്തതെന്ത്? സാമാന്യമര്യാദ എന്ന് വിളിക്കപ്പെടുന്ന കേവലശീലങ്ങൾ അനുവർത്തിക്കാത്തതിനെതിരെ യഹൂദ മതപ്രമാണിമാരുടെതു പോലുള്ള ചോദ്യങ്ങൾ വിശ്വാസികൾക്കിടയിലും മര്യാദാചാരങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നവർ നേരിടാറുണ്ട്; ആർഭാടവിവാഹങ്ങൾ, ശവസംസ്കാര ഘോഷയാത്രകൾ, മാമോദിസകൾ , പെരവാസ്തോലികൾ..... തുടങ്ങിയവയ്ക്കെല്ലാം നമ്മളും അണിചേരുന്നത്, ആളുകളെന്തു പറയും എന്നുള്ളതുകൊണ്ടാണ്. ദൈവത്തെക്കാൾ മനുഷ്യന് മാനം കൊടുക്കരുതെന്ന് വചനം പഠിപ്പിക്കുന്നതോർത്ത് ക്രിസ്തീയവേർപാടിനെക്കുറിച്ച് കുറച്ചുകൂടി ഗൗരവമായി ചിന്തിക്കേണ്ടതല്ലേ?

**ബന്ധങ്ങൾ**

മക്കളെയോ, മാതാപിതാക്കളെയോ, സഹോദരങ്ങളേയോ മറ്റാരെയെങ്കിലുമോ ദൈവത്തേക്കാൾ സ്നേഹിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിനർഹരല്ല എന്ന പ്രസ്താവനയുടെ ആഴവും പരപ്പും വളരെയേറെയാണ്. പൂർണ്ണഹൃദയത്തോടെയുള്ള സ്നേഹം തന്നോട് ആയിരിക്കണമെന്ന് നിർബന്ധമുള്ള, നമ്മുടെ സ്നേഹം തീക്ഷ്ണതയോടെയോടെ കാംക്ഷിക്കുന്ന ഒരു ദൈവമാണ് നമ്മുടേത്. കുടുംബസ്നേഹിയായ ഒരുവൻ ഏറ്റവും ഉത്തമനെന്നു ലോകം വാഴ്ത്തുമ്പോൾ, ദൈവം അങ്ങനെയല്ല കരുതുന്നത്. എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും, എന്ന് ലൗകിക ബന്ധങ്ങളോടുള്ള സമീപനത്തെ യേശു തിരുത്തിക്കുറിക്കുന്നു. ഇങ്ങനെ ജ്ഞാനം, സൗന്ദര്യം, കഴിവുകൾ.... തുടങ്ങിയ അനേക കാര്യങ്ങളിലും ലോകത്തിനു മികച്ചവ ദൈവരാജ്യത്തിന് ഭോഷത്തമെന്ന് വചനം പറയുന്നു. സ്വർഗ്ഗരാജ്യത്തിൽ നിത്യജീവിതം കൊതിക്കുന്ന നമുക്ക്, ഭൂമിയിൽ തലകീഴായ ഒരു നടപ്പ് അഥവാ ജീവിത പരിശീലനം ആവശ്യമുണ്ടെന്നർത്ഥം ●



എസ്. വി

# നവോമി – ചില കാണാപ്പുറങ്ങൾ

ഒരിക്കലെങ്കിലും അരങ്ങിലെത്താൻ കഴിയാതെവണ്ണം, അകത്തളങ്ങളിൽ കുടുങ്ങിപ്പോകുന്ന അനേകം സ്ത്രീ ജീവിതങ്ങൾ. സാധ്യതകളുടെയും സാഹചര്യങ്ങളുടെയും പരിമിതി കൊണ്ടോ, കഴിവില്ലാത്തതുകൊണ്ടോ, അടുക്കളയിൽ മറ്റുള്ളവർക്ക് വേണ്ടിയുള്ള ശുശ്രൂഷകളിൽ തളയ്ക്കപ്പെട്ടു പോകുന്ന സ്ത്രീജീവിതങ്ങളിലുള്ള ദൈവിക ഇടപെടൽ എന്താവാം? 'Mundane' എന്ന ഇംഗ്ലീഷ് പദം കൊണ്ട് അർത്ഥമാക്കുന്ന വിരസവും നിസ്സാരവും അംഗീകാരം ഇല്ലാത്തതുമായ കഠിന ജോലിയിലൂടെ അനുദിനം കടന്നുപോകുന്ന ഒരു സ്ത്രീയുടെ ജീവിതം, ദൈവത്തെ സാക്ഷിക്കുന്നത് എങ്ങനെയാവാം?

നവോമി, രൂത്തിനോളമില്ലെങ്കിലും, സ്ത്രീപക്ഷ ബൈബിൾ വായനകളിലും പഠനങ്ങളിലും സുപരിചിത നാമമാണ്. പല തലങ്ങളിൽ വ്യാഖ്യാനിക്കപ്പെടുകയും പ്രസംഗിക്കപ്പെടുകയും ചെയ്യുന്ന പഴയനിയമ കഥാപാത്രം. നിരർത്ഥക ദിനസരണികളിൽ, മഹത്ഭുതങ്ങളോ, അമാനുഷികാനുഭവങ്ങളോ സംഭവിക്കാത്ത, പ്രതികൂലങ്ങൾ നിരവധിയുള്ള ഒരു സ്ത്രീ ജീവിതത്തോട് ദൈവം എന്തു ചെയ്യുന്നു എന്നതിന്റെയും ആവർത്തിക്കപ്പെടുന്ന കഷ്ടാനുഭവങ്ങളിലും, ദൈവാശ്രിതത്വം നഷ്ടപ്പെട്ടു പോകാത്ത ഒരു സാധാരണ സ്ത്രീ ജീവിതത്തിന്റെയും ദ്വിമുഖ സാക്ഷ്യമായി നവോമിയെ വായിച്ചറിയുന്നുണ്ടോ എന്ന് സംശയമാണ്.

ഇയ്യോബിനെ പോലെ നീതിയുടെ സാക്ഷ്യം കൊണ്ടവളല്ലവൾ, യോശുവയേ പോലെ വിശ്വാസത്തിന്റെ പേരിൽ പ്രഘോഷിപ്പിക്കപ്പെടുന്നവളുമല്ല കൃപ ലഭിച്ചവൾ എന്ന് വിളിക്കപ്പെടുന്നതുമില്ല. അവൾ ഒരു ഭക്തയായിരുന്നുവെന്ന് വാക്യങ്ങളാലുദ്ധരിക്കപ്പെടുന്നില്ല. ഭർത്താവിനും മക്കൾക്കും വേണ്ടി ജീവിച്ച, ജീവിക്കുന്ന അനേകം സ്ത്രീകളിൽ ഒരുവൾ. പക്ഷേ 'നിൻെറ ദൈവം എന്റെ ദൈവം' എന്ന തന്റെ മരുമകളുടെ ഒറ്റവാക്യത്തിലൂടെ അവളുടെ ദൈവവിശ്വാസത്തിന്റ ആഴം വെളിപ്പെടുന്നു. പരദേശിയായ മരുമക്കളോട് അവൾ അത്രത്തോളം ദൈവത്തെപ്പറ്റി പറഞ്ഞിട്ടുണ്ടാവണം. അത്ഭുതങ്ങൾ വർണ്ണിച്ചിട്ടുണ്ടാവണം. രക്ഷിക്കാനും വിടുവിക്കാനുമുള്ള യഹോവയുടെ കഴിവിലുള്ള പ്രത്യാശയുടെ വചനങ്ങൾ പറഞ്ഞിട്ടുണ്ടാവണം. മടങ്ങി ആ ദൈവത്തിന്റെ ജനത്തിനരികിലെത്താനുള്ള വെമ്പൽ വെളിപ്പെടുത്തിയിട്ടുണ്ടാവണം' അഭിശസ്തമായ അഥവാ അംഗീകരിക്കപ്പെടാത്ത മോവാബ്യ ദേശത്തെ ഒരുവളുടെ ഹൃദയത്തിൽ യഹോവയുടെ ചിത്രം ഇത്ര ആഴത്തിൽ പതിയണമെങ്കിൽ നവോമിയുടെ 'നിശബ്ദദൈവ സാക്ഷ്യത്തിന്' എത്ര ശബ്ദമുണ്ടായിരുന്നിരിക്കണം.

സ്നേഹശീലയായ ഒരുവൾ എന്നൊന്നും വചനം നവോമിയെ വിളിക്കുന്നില്ല. പക്ഷേ രണ്ടു മരുമക്കളും ഒരുപോലെ അവളോടൊപ്പം ആയിരിക്കാൻ ആഗ്രഹിക്കുന്നതിൽ നിന്ന്, ഒരുവൾ മടങ്ങിപ്പോകില്ലെന്ന് തീർച്ചപ്പെടുത്തിയതിൽ നിന്ന്, അവളുടെ സ്വഭാവമഹിമ വ്യക്തമാകുന്നു. അന്യദേശക്കാരികളായ നിങ്ങളെ വിവാഹം ചെയ്തതിനാലാണ്, എനിക്ക് മക്കൾ നഷ്ടപ്പെട്ടതെന്ന്

ഒരിക്കലെങ്കിലും വാക്കിലോ നോക്കിലോ നവോമി കുറ്റപ്പെടുത്തിയിട്ടുണ്ടാവില്ല. മറിച്ച് 'എന്നോടും മരിച്ചവരോടും നിങ്ങൾ ദയകാട്ടിയത് പോലെ യഹോവ നിങ്ങളോടും' ...... എന്നിങ്ങനെ അവരുടെ ദയയെയും നന്മയെയും അംഗീകരിക്കുകയും അവരെ അനുഗ്രഹിക്കുകയുമാണ് ചെയ്യുന്നത്.

ഒരു സ്ത്രീയുടെ പേരോടുകൂടിയ ബൈബിളിലെ ആദ്യ പുസ്തകത്തിൽ ഒരു പ്രധാന കഥാപാത്രം ആകുവാൻ തക്കവണ്ണം ദൈവം അവളെ കണ്ടു. സഹസ്രാബ്ദങ്ങൾക്ക് ശേഷവും അനേകം പെൺമക്കൾ അവളുടെ നാമം സ്വീകരിക്കാൻ തക്കവണ്ണം ദൈവം അവളെ കരുതി. യേശുവിന്റെ വംശാവലിയിൽ ഇടം പിടിക്കത്തക്ക വിധം ദൈവം അവളെ അനുഗ്രഹിച്ചു... അവളുടെ ജീവകാലത്തിന് എത്രയോ ശേഷം... നവോമി, ഇന്നും ജീവിക്കുന്നു, വിശ്വാസലോകത്തിന് പ്രേരണയും പ്രോത്സാഹനവുമായി.

ഈ ആധുനിക ലോകത്തിലും അനേകം സ്ത്രീകൾ സുവിശേഷപ്രഘോഷണവേദികളിലെത്താൻ കഴിയാത്ത സാഹചര്യങ്ങളിലാണ്. പരിമിതികളും പ്രാവീണ്യമില്ലായ്മയും ഇന്നും സ്ത്രീകൾക്കുണ്ട്. പരാധീനതകളാൽ ചുറ്റപ്പെടുമ്പോഴും, വിശ്വാസവും പ്രത്യാശയും നഷ്ടപ്പെടാത്ത സാക്ഷ്യജീവിതം സാധ്യമാണ് എന്ന് നവോമി പഠിപ്പിക്കുന്നു. 'വൻ കാര്യങ്ങളുടെ' തമ്പുരാൻ മാത്രമായല്ല ചെറുകാര്യങ്ങളുടെയും തമ്പുരാനായ യഹോവയെ നാം നവോമിയുടെ ജീവിതത്തിൽ കാണുന്നു. 'സർവ്വശക്തൻ' എനിക്ക് വിരോധമായി പ്രവർത്തിച്ചിരിക്കുന്നു എന്നു വാക്യത്തിലൂടെ ദൈവത്തിൻെറ പരമാധികാരത്തിലുള്ള അവളുടെ വിശ്വാസവും വിധേയത്വവും വെളിപ്പെടുന്നു.

തന്റെ വീണ്ടെടുപ്പുകാരനിൽ എത്തിച്ചേരാനും കൂടെയുള്ളവരെ അവനിലേക്ക് നയിക്കാനും, സാധാരണ ജീവിതസാഹചര്യങ്ങൾ ഒരു തടസ്സമാകുന്നില്ല എന്ന് നവോമി തെളിയിക്കുമ്പോൾ ഏറ്റെടുക്കേണ്ടത്, ഒരോ സ്ത്രീകളുമാണ്. •



ക്കാൻ തുടങ്ങിയാൽ നാം ഒരിക്കലും വഞ്ചിക്കപ്പെടുകയില്ല.

എന്നാൽ ഇന്ന് ഈ പ്രവചനങ്ങളുടെയും പ്രാണനിൽ നിന്നുള്ള ശുശ്രൂഷകളുടെയും മുൻപിൽ അകപ്പെട്ടു പോകുന്ന ഒരു വിശ്വാസി, മുൻപിൽ നടക്കുന്ന ശുശ്രൂഷകൾ മാത്രം ശോധന ചെയ്താൽ പോരാ. തന്റെ ഹൃദയത്തിലെ ചിന്തനങ്ങളും ഭാവങ്ങളും കൂടെ വിവേചിക്കപ്പെടണം,

ഉള്ളിൽ ദ്രവ്യാഗ്രഹം മറച്ചു പിടിച്ചു പല മനുഷ്യരും ആത്മീകരായി അഭിനയിക്കാറുണ്ട്. ഈ പ്രവചനങ്ങൾ ആസ്വദിക്കുമ്പോൾ ഒരു പക്ഷെ ഉള്ളിൽ ഉള്ള മോഹങ്ങൾ ഗർഭം ധരിക്കുകയാവാം. ദ്രവ്യാഗ്രഹം കൊണ്ട് ആത്മിക കാര്യങ്ങളെ സമീപിക്കുന്ന അനേകർ ഇന്ന് നമ്മുടെ മധ്യത്തിൽ ഉണ്ട്. അവർ ദൈവത്തെ അല്ല മനുഷ്യനെ തന്നെ ആണ് അന്വേഷിക്കുന്നത്, മനുഷ്യന്റെ ഒരു രാജ്യം: ആവശ്യത്തിന് സമ്പത്തുള്ള, എല്ലാവരും എന്നെ ബഹുമാനിക്കുന്ന, ഞാൻ രാജാവായിരിക്കുന്ന ഒരു രാജ്യം. ഈ രാജ്യത്തിൽ ആളുകൾ എന്നെ കുറിച്ച് മോശമായത് ഒന്നും പറയാൻ പാടില്ല. എപ്പോഴും പുകഴ്ത്തിക്കൊണ്ടിരിക്കണം. ഞാൻ എന്ത് ആഗ്രഹിച്ചാലും നടക്കണം. ആരും എന്റെ അഭിവൃദ്ധിക്കോ, ബിസിനസിനോ തടസ്സമായി വരരുത്. ഇങ്ങനെ അന്വേഷിക്കുന്നവരാണ് ഈ പ്രാണന്റെ ശുശ്രൂഷകൾക്കു പിന്നാലെ ഓടുന്നത്. അവർക്കു വേണ്ടത് ദൈവം രാജാവായിരിക്കുന്ന ഒരു രാജ്യമല്ല, പിന്നെയോ തങ്ങളുടെ അധികാരം ഉറപ്പിക്കാൻ പറ്റുന്ന, തടസ്സങ്ങൾ ഇല്ലാതെ സുഖിക്കാൻ കഴിയുന്ന ഒരു രാജ്യം ആണ്. ഇത് തന്നെ ആണ് സാത്താൻ അന്ന് ഏദൻ തോട്ടത്തിൽ കൊടുത്ത ഓഫർ. നീ ദൈവത്തെ പോലെ ആകും എന്ന വാഗ്ദത്തം. പണം മാത്രം അല്ല സ്വന്ത രാജ്യത്തിന്റെ മൂലധനം. അതിൽ നമ്മുടെ പ്രശസ്തിയും പ്രാധാന്യവും, ബഹുമാനവും നീതിയും എല്ലാം ഉൾപ്പെടുന്നു.

ഈ വ്യാജ ആത്മിക മോഡലിൽ ദൈവം ശരിക്കും 'എന്റെ രാജ്യം' സൃഷ്ടിക്കാൻ സഹായിക്കുന്ന ഒരു സേവകൻ മാത്രമാണ്. എത്ര ഭയങ്കരമാണ് ഈ വഞ്ചന. ഇതാണ് ആത്മാവിന്റെയും പ്രാണന്റെയും ചിന്തകളെ വിവേചിക്കാൻ തക്കവണ്ണം നാം ദൈവവചനത്തിൽ വേരൂന്നിയില്ലെങ്കിലുള്ള അപകടം. •



ഷാജി ഉമ്മൻ

# എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ

***അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു...***
***(1 കൊരി 11: 23, 25)***

**ക**ർതൃമേശയുമായി ബന്ധമുള്ള ഈ വാക്യം പലർക്കും പല സംശയങ്ങളും ഉളവാക്കാറുണ്ട്. എന്തുകൊണ്ടാണ് കർത്താവ് 'എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്‌വിൻ' എന്ന് പറഞ്ഞത്? ഇതിലൂടെ എന്താണ് കർത്താവ് ഉദ്ദേശിക്കുന്നത്? ദൈവവചനത്തിലൂടെ തന്നെ ഇത് ഗ്രഹിക്കുവാൻ ശ്രമിക്കാം.

യേശു അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരത്തിൽ പരം പേരെ പോഷിപ്പിച്ചു. അവരിൽ ചിലർ യേശുവിനെ തിരഞ്ഞ് കഫർന്നഹൂമിൽ വീണ്ടും എത്തി. അവരോട് യേശു പറഞ്ഞത് 'നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രെ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ട് തന്നെ പ്രവർത്തിപ്പിൻ; അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും'. അവരുടെ നശ്വരമായ ഭൗമീക ലക്ഷ്യങ്ങളെ അനശ്വരമായ ആത്മീക ലക്ഷ്യങ്ങളാക്കുവാനാണ് കർത്താവ് ആഹ്വാനം ചെയ്യുന്നത്. അവർ അവനോട്: 'ദൈവത്തിനു പ്രസാദം ഉള്ള പ്രവർത്തികളെ പ്രവർത്തിക്കേണ്ടതിന് ഞങ്ങൾ എന്തു ചെയ്യണം എന്ന് ചോദിച്ചു'. പ്രവർത്തിച്ച് പ്രവർത്തിച്ച് ദൈവത്തെ പ്രസാദിപ്പിക്കാനുള്ള ഒരു ശരാശരി മനുഷ്യന്റെ വ്യാമോഹമാണ് അവരുടെ ചോദ്യത്തിൽ തെളിയുന്നത്. 'ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ' എന്ന് യേശു വ്യക്തമാക്കി.

നിത്യജീവങ്കലേക്കുള്ള ആഹാരത്തെക്കുറിച്ച് കർത്താവ് വിശദമാക്കുകയാണ്: 'സ്വർഗത്തിൽനിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു'. ഇത് മനസ്സിലാക്കാതെ കുഴങ്ങിയ യഹൂദന്മാരോട് കർത്താവ് വീണ്ടും പറയുന്നു: 'ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെനാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു' (യോഹന്നാൻ 6:53-56).

കർത്താവിന്റെ ഈ വാക്കുകളെ കേട്ട്, ചില ശിഷ്യന്മാർ പോലും പതറി പോയി. ഈ വചനത്തെ തെറ്റിദ്ധരിച്ചാണ് അപ്പം മാംസമായും വീഞ്ഞ് രക്തമായും മാറുന്നു എന്നു ചില സഭകൾ പഠിപ്പിക്കുന്നത്. അപ്പത്തിന്റെ കാര്യം പറഞ്ഞു തുടങ്ങിയ കർത്താവ്; അത് ജീവനുള്ള അപ്പമായ

ഞാനാണ്, അത് എന്റെ മാംസവും രക്തവും ആണ് എന്നൊക്കെ പറഞ്ഞാൽ ആരാണ് പതറാത്തത്? 'ഇത് കഠിനവാക്ക്, ഇത് ആർക്ക് കേൾക്കാൻ കഴിയും' എന്ന് പിറുപിറുത്താണ് ശിഷ്യന്മാർ പ്രതികരിച്ചത്.

അത് മനസ്സിലാക്കിയ കർത്താവ് വീണ്ടും വ്യക്തമാക്കുന്നു: 'ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു' (യോഹന്നാൻ 6:63). അതായത്, നിത്യജീവങ്കലേക്കുള്ള ആഹാരമായി പറഞ്ഞത് അക്ഷരീകമായ കർത്താവിന്റെ മാംസമോ, രക്തമോ അല്ല, പ്രത്യുത കർത്താവ് സംസാരിച്ച വചനമാകുന്ന ആത്മാവും ജീവനും എന്നാണ്. നാം ആഹാരമായി അപ്പം കഴിക്കുമ്പോൾ അത് എങ്ങനെ നമ്മുടെ ശരീരത്തിൽ ആഗിരണം ചെയ്തു ശരീരത്തിന്റെ പോഷണമായി തീരുന്നുവോ, അതുപോലെ കർത്താവിന്റെ വചനം ഒരുവൻ അംഗീകരിച്ചനുസരിക്കുമ്പോൾ കർത്താവിന്റെ ആത്മാവും ജീവനും അവനിലാവുകയാണ്. ഇത് കൂടുതൽ വ്യക്തമാക്കിയപ്പോഴാണ് ശിഷ്യന്മാരിൽ പലരും പിൻവാങ്ങി പോയത്. കർത്താവിൽ നിന്ന് ലഭിക്കുന്ന ഭൗതിക നന്മകൾ ഏവർക്കും വേണം. എന്നാൽ ഇടുക്കവും ഞെരുക്കവും ആയ പാതയിലൂടെ കടന്നുപോകുന്ന യേശുവിന്റെ ജീവിതം, ആർക്കും വലിയ താല്പര്യം ഇല്ല.

'ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്' (ഗലാത്യർ 2:20). ലോകസ്ഥാപനത്തിനു മുൻപേ കർത്താവിൽ, ദൈവം നമ്മെ തിരഞ്ഞെടുത്തിരുന്നു. അപ്പോൾ ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ ക്രിസ്തുവിനോട് കൂടെ ഞാനും ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നും, ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നും ഞാൻ വിശ്വാസത്തിൽ കാണേണ്ടതാണ്. എങ്കിൽ മാത്രമേ അനുദിന ജീവിതത്തിൽ യേശുകർത്താവ് എങ്ങനെ പ്രതികരിച്ചുവോ അതുപോലെ പ്രതികരിക്കുവാൻ എനിക്കും കഴിയുകയുള്ളൂ. ഒരാളെ കർത്താവ് സ്നേഹിച്ചതുപോലെ സ്നേഹിക്കണമെങ്കിൽ, ക്ഷമിക്കണമെങ്കിൽ ഞാനും അനുനി

**ആ മരണത്തിൽ പങ്കാളികളാകുന്ന നമുക്ക് അനുദിനം ലഭിക്കുന്ന ചെറിയ ക്രൂശുകൾ തരണം ചെയ്യണമെങ്കിൽ 'ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ' എന്ന ഓർമ്മയുണ്ടെങ്കിൽ മാത്രമേ കഴിയൂ.**

മിഷം'ഞാൻ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടു, ഇനി ജീവിക്കുന്നത് ഞാനല്ല യേശുവത്രേ എന്നിൽ ജീവിക്കുന്നത്'എന്ന് ഓർക്കേണ്ടതായിട്ടുണ്ട്. 'എന്റെ ഓർമ്മയ്ക്കായ് ഇത് ചെയ്യുവിൻ' എന്ന് കർത്താവ് പറയുമ്പോൾ, നിത്യജീവങ്കലേക്ക് എത്രമാത്രം പ്രാധാന്യമുള്ള ഒരു നിർദ്ദേശമാണ് അത് എന്ന് നാം ഓർക്കേണ്ടതായിട്ടുണ്ട്. കർത്താവിന്റെ പീഡാനുഭവങ്ങൾ തീർച്ചയായും നാം ഓർക്കേണ്ടതുണ്ട്. നമുക്ക് പകരക്കാരനായാണ് കർത്താവ് ശിക്ഷ ഏറ്റെടുത്തത്. എന്നാൽ ആ പീഡാനുഭവങ്ങൾ കണ്ട് കരയുന്നവരോട് യേശു പറയുന്നത്: 'എന്നെ ചൊല്ലി നിങ്ങൾ കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ' എന്നാണ്.

യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നു. ക്രൂശിന്റെ തീവ്രവേദന യേശു സഹിച്ചു. എന്നാൽ ആ മരണത്തിൽ പങ്കാളികളാകുന്ന നമുക്ക് അനുദിനം ലഭിക്കുന്ന ചെറിയ ക്രൂശുകൾ തരണം ചെയ്യണമെങ്കിൽ ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്ന ഓർമ്മയുണ്ടെങ്കിൽ മാത്രമേ കഴിയൂ. എന്നിൽ ഒരു നന്മപ്രവർത്തി ഉണ്ടാകുന്നുണ്ടെങ്കിൽ; 'അത് ഞാനാണ് ചെയ്തത്' എന്ന ഒരു സ്വയനീതിയല്ല ഉണ്ടാകേണ്ടത്, മറിച്ച് അത് യേശുവിന്റെ ജീവനാണ്, കൃപയാണ് എന്ന ചിന്തയാണ് നമ്മിലുണ്ടാകേണ്ടത്. 'ഞാൻ ദൈവത്തിന്റെ കൃപ വ്യർഥമാക്കുന്നില്ല. നീതീകരണം ന്യായപ്രമാണത്താലാണെങ്കിൽ ക്രിസ്തുവിന്റെ മരണം നിരർത്ഥകമാണ്'(ഗലാത്യർ 2: 21). നാം ബലഹീനമായ മർത്യശരീരത്തിൽ വസിക്കുമ്പോൾ ഇക്കാര്യം മറന്നുപോകാനിടയുള്ളതുകൊണ്ടാണ് എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വിൻ എന്നു യേശുകർത്താവ് ഊന്നൽ കൊടുത്തു പറഞ്ഞത്. ഇപ്രകാരം ജീവിക്കാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കട്ടെ. •

**മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ**



ജോയ് എം. തോമസ്

# മറുപടി ലഭിച്ച നിലവിളികൾ

*അവർ യെരീഹോവിൽനിന്നു പുറപ്പെട്ടപ്പോൾ വലിയോരു പുരുഷാരം അവനെ അനുഗമിച്ചു. അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ടു കുരുടന്മാർ യേശു കടന്നുപോകുന്നതു കേട്ടു: കർത്താവേ, ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു. മിണ്ടാതിരിപ്പാൻ പുരുഷാരം അവരെ ശാസിച്ചപ്പോൾ അവർ: കർത്താവേ, ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്ന് അധികം നിലവിളിച്ചു. യേശു നിന്നു, അവരെ വിളിച്ചു: ഞാൻ നിങ്ങൾക്ക് എന്തു ചെയ്യേണമെന്നു നിങ്ങൾ ഇച്ഛിക്കുന്നു എന്നു ചോദിച്ചു. കർത്താവേ, ഞങ്ങൾക്കു കണ്ണുതുറന്നു കിട്ടേണം എന്ന് അവർ പറഞ്ഞു. യേശു മനസ്സലിഞ്ഞ് അവരുടെ കണ്ണു തൊട്ടു: ഉടനെ അവർ കാഴ്ച പ്രാപിച്ച്, അവനെ അനുഗമിച്ചു (മത്തായി 20:29–34)*

നമ്മുടെ വേദഭാഗത്ത് (മത്തായി 20:29–34) രണ്ടു കുരുടന്മാർ സൗഖ്യം പ്രാപിച്ച സംഭവമാണ് വിവരിച്ചിരിക്കുന്നത്. ഇവർ രണ്ടുപേരും ആത്മാർത്ഥ മിത്രങ്ങൾ ആയിരുന്നു എന്ന് വേണം കരുതുവാൻ. അവരുടെ സുഹൃത്ബന്ധത്തിന് സഹായകരമായിത്തീർന്ന ഘടകങ്ങൾ രണ്ടുപേരും യഹൂദന്മാർ, രണ്ടുപേരും കുരുടന്മാർ, പരസഹായം ആവശ്യമുള്ളവർ, രണ്ടുപേരും ഭിക്ഷക്കാർ. അവർ രണ്ടുപേരും ഇസ്രായേലിന്റെ വാഗ്ദത്ത മശിഹായെ കാത്തിരിക്കുന്നവരും ആയിരുന്നു.

ഈ കുരുടന്മാർ ഇരുന്നു ഭിക്ഷ യാചിക്കുന്ന വഴിയാണ് യേശു കടന്നുപോയത്. ഇത് കർത്താവിന്റെ മുന്നറിവിലുണ്ടായിരുന്നു എന്ന് വ്യക്തം. മശിഹയെ കാത്തിരിക്കുന്നവർക്കെല്ലാം മശിഹയെ കണ്ടെത്തുവാൻ ദൈവം ഇടയാക്കുന്നു. 'ദാവീദ് പുത്രാ' എന്നാണ് അവർ വിളിച്ചപേക്ഷിച്ചത്. അത് യേശുവിനെ മശിഹ ആയി അവർ തിരിച്ചറിഞ്ഞതുകൊണ്ടും വിശ്വസിച്ചതുകൊണ്ടും ആണല്ലോ. ആ വിശ്വാസം ശക്തമായിരുന്നതു കൊണ്ടാണല്ലോ സൗഖ്യം പ്രാപിച്ച അവർ യേശുവിനെ അനുഗമിക്കുവാൻ ഇടയായത്.

കുരുടന്മാരുടെ നിലവിളി കേട്ട് യേശു നിന്നു, അവർക്ക് മറുപടി നൽകി അവരെ സൗഖ്യമാക്കി. കാരണം അവർ നിലവിളിച്ചത് ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസത്തോടെ ആയിരുന്നു. അവരുടെ വിശ്വാസത്തിൽ ഉണ്ടായിരുന്ന ഘടകങ്ങൾ എന്തെല്ലാം ആയിരുന്നു?

ഒന്നാമതായി യേശു ആരാണെന്ന് അവർ തിരിച്ചറിഞ്ഞു എന്നത് തന്നെയാണ് അവരുടെ വിശ്വാസത്തിന്റെ പ്രത്യേകത. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ കണ്ണുകൾ തുറക്കപ്പെട്ടവർക്ക് മാത്രമേ യേശു ആരെന്നു തിരിച്ചറിയു

വാൻ കഴിയുകയുള്ളൂ. ശരീരത്തിലെ കണ്ണുകൾക്ക് നല്ല കാഴ്ച ഉണ്ടായിരുന്നവർ യേശുവിനെയും അവിടുത്തെ പ്രവർത്തികളെയും കണ്ടു, എങ്കിലും അനേകർക്ക് യേശു ആരെന്നു തിരിച്ചറിയുവാൻ കഴിയാതെ പോയി. ശാരീരിക കണ്ണുകളാൽ കണ്ടുള്ള ബോധ്യമല്ല വിശ്വാസം. പ്രത്യുത, ഹൃദയദൃഷ്ടികൾ പ്രകാശിച്ച് ബോധ്യപ്പെടുന്നതാണ് വിശ്വാസം. ഹൃദയദൃഷ്ടികൾ പ്രകാശിക്കപ്പെടുന്നവർക്ക് ക്രിസ്തുവിനെ തിരിച്ചറിയുവാൻ പറ്റും. നിത്യതയിലെ കാണാത്ത കാര്യങ്ങൾ നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളായി തിരിച്ചറിയുവാനും അംഗീകരിക്കുവാനും അങ്ങനെയുള്ളവർക്കേ കഴിയുകയുള്ളൂ.

ക്രിസ്തീയജീവിതത്തിന്റെ ആരംഭവും വളർച്ചയും വിജയകരമായ പൂർത്തീകരണവും എല്ലാം ഹൃദയദൃഷ്ടികളുടെ പ്രകാശനത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. അപ്പോസ്തലനായ പൗലോസ് എഫെസൊസിലെ വിശ്വാസികൾക്കായി പ്രാർത്ഥിക്കുമ്പോൾ അവരുടെ ഹൃദയദൃഷ്ടി പ്രകാശിക്കുന്നതിന് പ്രാർത്ഥിക്കുന്നു(എഫെസ്യർ 1:17). ഹൃദയദൃഷ്ടി പ്രകാശിക്കുമ്പോൾ, ദൈവം നമുക്ക് ആരാണെന്നും, നാം അവിടുത്തെ ധനവും മഹത്വമുള്ള അവകാശവുമാണെന്നും ദൈവം നമുക്ക് നൽകിയിരിക്കുന്ന പ്രത്യാശ എത്ര ഉറപ്പുള്ളതാണെന്നും തിരിച്ചറിയുന്നു. വിശ്വസിക്കുന്ന നമുക്കായി വ്യാപരിക്കുന്ന ദൈവശക്തിയുടെ അളവറ്റ വലിപ്പം നാം ഗ്രഹിക്കുകയും വിശ്വാസത്തിൽ ശക്തിയും ധൈര്യവും ഉള്ളവരായിത്തീരുകയും ചെയ്യുന്നു.

കുരുടന്മാരുടെ ഹൃദയദൃഷ്ടികൾ പ്രകാശിച്ച് യേശുവിനെ തിരിച്ചറിയുകയും യേശു തങ്ങൾക്ക് അവകാശപ്പെട്ട മശിഹയാണ് എന്ന് ബോധ്യപ്പെടുകയും ചെയ്തു എന്നതാണ് ഏറ്റവും വലിയ സംഗതി. യേശുവിന് തങ്ങളുടെ കണ്ണുകൾ തുറക്കുവാൻ കഴിയും എന്ന് വിശ്വസിക്കുവാൻ അവർക്ക് അതുകൊണ്ട് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കുരുടൻ കാഴ്ച പ്രാപിക്കുന്നത് ആർക്കും സങ്കൽപ്പിക്കുവാൻ കഴിയുന്ന കാര്യമായിരുന്നില്ല അതുവരെ. പരിശുദ്ധാത്മാവ് അവരുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചപ്പോൾ തങ്ങൾ കാഴ്ച പ്രാപിക്കും എന്ന ഉറപ്പ് അവർക്ക് ഉണ്ടായി.

'ദാവീദ് പുത്രാ... ഞങ്ങളോട് കരുണ തോന്നേണമേ' എന്നവർ നിലവിളിച്ചത് വളരെ നിശ്ചയദാർഢ്യത്തോടെ ആയിരുന്നു. മിണ്ടാതിരിക്കുവാൻ മറ്റുള്ളവർ ശാസിച്ചപ്പോൾ അവരത് കാര്യമാക്കാതിരുന്നത് അതുകൊണ്ടാണ്. കർത്താവ് അവരുടെ അവകാശമാണെന്നും തങ്ങൾക്കും സൗഖ്യം ലഭിക്കും എന്നുള്ള ഉറപ്പും അവർക്ക് നിലവിളിക്കാനുള്ള ഉത്സാഹവും ശക്തിയും നൽകി. പ്രതികൂലങ്ങളിൽ തളരുന്നത് വിശ്വാസത്തിന്റെ കുറവാണ്. പ്രതികൂലങ്ങളെ അതിജീവിക്കുന്നത് വിശ്വാസത്തിന്റെ കരുത്തും! പ്രതികൂലങ്ങളെ അതിജീവിക്കുമ്പോഴാണ് വിശ്വാസം നമ്മിൽ ശക്തി പ്രാപിച്ചു വളരുന്നത്. നമ്മുടെ ഹൃദയദൃഷ്ടികൾ പ്രകാശിക്കുന്നുവെങ്കിൽ നാം ഭീരുക്കൾ ആകില്ല. പ്രത്യുത, ഉറപ്പുള്ളവരും കുലുങ്ങാത്തവരും ആയിരിക്കും.

യേശുവിനോടൊപ്പം വലിയ പുരുഷാരം ഉണ്ടായിരുന്നു. അവരിൽ യേശുവിന്റെ ശിഷ്യന്മാരും ഉണ്ടായിരുന്നു. അവർക്കാർക്കും യേശുവിനെ മനസ്സിലാക്കുവാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം. ശാരീരിക കണ്ണുകൾക്ക് കാഴ്ച ഉണ്ടായിരുന്നു എങ്കിലും പലർക്കും ഹൃദയദൃഷ്ടികൾ അടഞ്ഞിരുന്നു. അതുമാത്രമല്ല കുരുടരുടെ നിലവിളി അവരിൽ അനുകമ്പയല്ല അസഹിഷ്ണുതയാണ് ഉളവാക്കിയത്. യേശു ചെയ്യുന്ന അനേക അത്ഭുതങ്ങൾക്ക് അവർ സാക്ഷികൾ ആയിരുന്നുവല്ലോ. ഈ പാവം പിടിച്ച കുരുടന്മാർക്ക് കാഴ്ച ലഭിക്കുന്നുവെങ്കിൽ ലഭിക്കട്ടെ എന്ന നല്ല മനോഭാവം ആയിരുന്നില്ല അവർക്കുണ്ടായിരുന്നത്. അതുകൊണ്ടല്ലേ മനുഷ്യത്വം മരവിച്ചതുപോലുള്ള പ്രതികരണം അവരിൽ നിന്നും ഉണ്ടായത്.

നാം നമ്മെത്തന്നെ ശോധന ചെയ്യേണ്ട ഒരു പ്രധാന മേഖലയാണ് ഇത്. അപരിചിതരോ ആത്മബന്ധമോ സൗഹൃദബന്ധമോ ഇല്ലാത്തവരുമായ അനവധി ആളുകളെ നമുക്ക് ചുറ്റും നാം കാണാറുണ്ട്. അവരുടെ കഷ്ടതകളോ വേദനകളോ നമ്മെ സ്പർശിക്കാറുണ്ടോ? ഇവർക്കൊരു വിടുതൽ നൽകണേ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? സ്വാർത്ഥമനോഭാവം നമ്മെ മരവിപ്പിച്ചിട്ടുണ്ടെന്നതാണ് വാസ്തവം. നമുക്ക് ഏതെങ്കിലും തരത്തിൽ ബന്ധമുള്ളവർക്കായി നാം പ്രാർത്ഥിക്കുന്നുണ്ടാകാം. എങ്കിലും നാം എത്ര ഭാരത്തോടെ അവർക്കായി പ്രാർത്ഥിക്കുന്നു?

തന്നെ നോക്കി വിളിച്ചപേക്ഷിക്കുന്ന ആരെയും അവിടുന്ന് ഉപേക്ഷിക്കുന്നില്ല, ലജ്ജിപ്പിക്കുന്നതുമില്ല എന്നത് എത്ര വാസ്തവം. കുരുടന്മാരുടെ നിലവിളി യേശു കേട്ടു. അവർക്കായി അവിടുന്ന് നിന്നു, അവരെ തന്റെ അടുക്കലേക്ക്

## മറുപടി ലഭിച്ച നിലവിളികൾ

വിളിപ്പിച്ചു. 'ഞാൻ നിങ്ങൾക്ക് എന്ത് ചെയ്യണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നു' എന്നു കർത്താവ് അവരോട് ചോദിച്ചപ്പോൾ അവരുടെ മറുപടി വ്യക്തത ഉള്ളതായിരുന്നു. 'കർത്താവേ ഞങ്ങൾക്ക് കണ്ണ് തുറന്നു കിട്ടണം'.

നമ്മുടെ കർത്താവ് നമ്മുടെ അവകാശമാണ്. പ്രശ്നങ്ങളിൽ കുടുങ്ങി ആരും തങ്ങളുടെ ജീവിതം പരാജയമാക്കേണ്ടതില്ല. പാപത്തിൽ നിന്നും നമ്മെ രക്ഷിക്കുവാൻ സ്വയം നമുക്കായി ഏൽപ്പിച്ചു തന്ന കർത്താവ് നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നൽകുവാൻ നല്ലവനും മനസ്സുള്ളവനുമാണ്. കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവർക്ക് എല്ലാം അവിടുന്ന് സമീപസ്ഥനാണ്. പ്രാർത്ഥന വിജയത്തിന്റെ വഴിയാണ്. കർത്താവ് എന്റെ അവകാശം എന്നു ബോധ്യമുള്ളവർ അവിടുത്തെ സന്നിധിയിൽ അഭയം തേടുന്നതിൽ സന്തോഷിക്കും. അവരുടെ പ്രാർത്ഥന വ്യർത്ഥമാകുന്നില്ല. പ്രതികൂലങ്ങളെ തരണം ചെയ്തു മുന്നേറുവാൻ അവർ ശക്തരായിത്തീരും.

തന്നെ നോക്കി നിലവിളിച്ച് തന്റെ കരുണയിൽ വിശ്വാസം അർപ്പിച്ച അവരെ സൗഖ്യമാക്കുവാൻ മതിയായവൻ എന്ന ബോധ്യം ഉണ്ടായിരുന്ന ആ കുരുടന്മാരോട് യേശു മനസ്സലിഞ്ഞു. യേശു എല്ലാവരോടും മനസ്സലിവുള്ളവൻ എന്നതിന് സംശയമില്ല. എന്നാൽ തന്റെ കരുണയിൽ പ്രത്യാശിക്കുന്നവർക്കാണ് അവിടുത്തെ മനസ്സലിവ് അനുഭവിക്കുവാൻ കഴിയുന്നത്. അവിടുത്തെ അടുക്കൽ വരുവാൻ എല്ലാവർക്കും ക്ഷണമുണ്ട്. ആ ക്ഷണം സ്വീകരിക്കുന്നവർക്കെല്ലാം യേശുവിനെ അനുഭവിച്ചറിയുവാൻ അവസരം ഉണ്ടാകും. തന്നെ രുചിച്ചറിയാത്തവർ ആരും തന്നെ അനുഗമിക്കുന്നവരുടെ കൂട്ടത്തിൽ ഇല്ല എന്നതാണ് വാസ്തവം.

യേശു കുരുടന്മാരിൽ മനസ്സലിഞ്ഞപ്പോൾ അവർ യേശുവിന്റെ സ്പർശനം അനുഭവിച്ചു. സ്രഷ്ടാവായ അവിടുന്ന് അവരുടെ കണ്ണുകളെ തൊട്ടപ്പോൾ കണ്ണുകൾ പൂർണ്ണസൗഖ്യം ഉള്ളവ ആയിത്തീർന്നു. അവർക്ക് കിട്ടിയത് പൂർണ്ണ കാഴ്ച ആയിരുന്നു. നാം ഓരോരുത്തരും ആയിരിക്കുന്ന ഏത് അവസ്ഥയിലും കർത്താവിലുള്ള പൂർണ്ണ വിശ്വാസത്തോടെ അവിടുത്തെ സന്നിധിയിൽ അടുത്തുവന്നാൽ അവിടുന്ന് മനസ്സലിയും എന്നത് ഉറപ്പാണ്. അവിടുന്ന് നമ്മെ സ്പർശിച്ചാൽ നമുക്കും ജീവിതത്തിൽ അത്ഭുതം അനുഭവിക്കുവാൻ കഴിയും. നമ്മുടെ ജീവിതത്തിന്റെ ദിശ തന്നെ തിരിച്ചുവിടുന്ന രൂപാന്തരമായിരിക്കും അത്!

സൗഖ്യം പ്രാപിച്ച കുരുടന്മാർ യേശുവിനെ അനുഗമിച്ചു. തങ്ങളുടെ ജീവിതത്തിന്റെ ഗതിമാറ്റിയ അത്ഭുതമായിരുന്നു അത്. യേശു അവർക്ക് എല്ലാമെല്ലാമാണെന്ന് അവർ മനസ്സിലാക്കി. ആ പരിജ്ഞാനം പ്രാപിക്കുന്നവർ പിന്മാറാതെ യേശുവിനെ അനുഗമിക്കും. വികാരാവേശത്താലുള്ള അനുഗമനം അല്ല, അനുഭവത്തിന്റെ പരിജ്ഞാനത്തിൽ യേശുവിന്റെ ശ്രേഷ്ഠത മനസ്സിലാക്കി യേശുവിനോടുള്ള പൂർണ്ണ സമർപ്പണത്തിൽ നിന്നും ഉളവാകുന്ന അനുഗമനം! ഇതാണ് ക്രിസ്തുവിനെ എല്ലാമെല്ലാമായി കാണുന്ന വ്യക്തിയുടെ ജീവിതവീക്ഷണം! •

### പ്രിയ വായനക്കാരുടെ ശ്രദ്ധയ്ക്ക്

**പല പ്രിയപ്പെട്ടവരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിട്ടും പുതുക്കാതെ തുടരുകയാണ്. മാസികയുടെ സുഗമമായ പ്രവർത്തനത്തിന് വരിസംഖ്യ കുടിശികയുൾപ്പെടെ അടച്ചു ഈ ശുശ്രൂഷയെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ നിന്നുള്ള വരുമാനമില്ലാത്തതിനാൽ ഇക്കാര്യത്തിൽ താങ്കളുടെ സഹായം അനിവാര്യമാണ്.**

**പണമടയ്ക്കുന്നവർ ഓഫീസിൽ അറിയിച്ചില്ലെങ്കിൽ കൃത്യമായി വരവ് വയ്ക്കുവാൻ പ്രയാസമാണ്.**

**അഡ്രസ്സിൽ വരുന്ന മാറ്റം: പുതിയ അഡ്രസ്, ഐ ഡി നമ്പർ ഉൾപ്പെടെ നൽകി കൃത്യമായി ഓഫീസിൽ അറിയിക്കേണ്ടതാണ്.**

**എഡിറ്റർ / മാനേജർ**

## 15 ആത്മാവിന്റെ സാക്ഷി!

അദ്ദേഹം വിശദീകരിച്ചു. ഒരു നിമിഷം ഞാൻ ചിന്തിച്ചു, ഈ മനുഷ്യന് എന്നെ ഒന്നും പഠിപ്പിക്കാൻ കഴിയില്ല. ഞാൻ ഒരു ഉത്സാഹിയായ വായനക്കാരനാണ്. ഞാൻ പ്യൂരിറ്റൻസിന്റെ മുഴുവൻ വാല്യങ്ങളും, എല്ലാ മഹത്തായ മിഷനറിമാരുടെ ജീവിതവും വായിച്ചിട്ടുണ്ട്. പക്ഷേ അവൻ ഒരിക്കലും ഒരു പുസ്തകവും വായിച്ചിട്ടില്ലെന്ന് തോന്നുന്നു! അതുകൊണ്ട് ഞാൻ പ്രസംഗം കേൾക്കുന്നത് അവസാനിപ്പിച്ചു. അപ്പോൾ ആത്മാവ് എന്നോട് വ്യക്തമായി പറഞ്ഞു: ഇത് വീണ്ടും കേൾക്കുക. അവന് നിന്നെ പഠിപ്പിക്കാൻ ധാരാളം ഉണ്ട്!

ഞാൻ അദ്ദേഹത്തിന്റെ ആറ് ടേപ്പുകളും പുസ്തകങ്ങളും ഓർഡർ ചെയ്തു. ഞാൻ വളരെയധികം അനുഗ്രഹിക്കപ്പെട്ടു! എന്റെ അന്ധമായ അഹങ്കാരം എന്റെ വളർച്ചയ്ക്കായി ദൈവം ഉദ്ദേശിച്ചിരുന്ന എന്തെങ്കിലും കവർന്നെടുക്കുമായിരുന്നു! അഹങ്കാരിയായ ഒരു വ്യക്തിയെ അവന്റെ ഫലങ്ങളിലൂടെ നിങ്ങൾക്ക് എളുപ്പത്തിൽ അറിയാൻ കഴിയും! അഹങ്കാരിയിൽ നിന്നും ലഭിക്കുന്ന ഒരു വാക്കും ദൈവത്തിൽ നിന്നുള്ളതല്ല! അവനു നീതിയുക്തമായ ന്യായവിധി അസാദ്ധ്യമാണ്. ദൈവത്തിന്റെ മനസ്സ് സംസാരിക്കുക അസാധ്യമാണ്. കാരണം സത്യത്തിന് സാക്ഷ്യം വഹിക്കാൻ പരിശുദ്ധാത്മാവ് അവനിൽ ഇല്ല. മനുഷ്യന് ശരിയെന്നു തോന്നുന്ന ഒരു വഴിയുണ്ട്, എന്നാൽ അതിന്റെ അവസാനം മരണത്തിന്റെ വഴികളാണ് (സദൃശവാക്യങ്ങൾ 14:12).

പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ച ഒരു വ്യക്തിക്ക് ആത്മാവിനെ നഷ്ടപ്പെടുത്താൻ കഴിയുമോ, ഒരു ദുരാത്മാവിന് ഏൽപിക്കപ്പെട്ടതിനുശേഷം പ്രസംഗിക്കുകയും പ്രവചിക്കുകയും ചെയ്യാമോ? അതെ! ദൈവത്തിന്റെ ആത്മാവ് ശൗലിന്റെ മേൽ വന്നു...(1 ശമുവൽ 11:6). തുടർന്ന് നാം വായിക്കുന്നത് കർത്താവിന്റെ ആത്മാവ് ശൗലിനെ വിട്ടുപോയി...(1 ശമുവൽ 16:14). ഒടുവിൽ, ...അത് സംഭവിച്ചു...

ദുരാത്മാവ് ശൗലിന്റെമേൽ വന്നു. ശൗൽ അപ്പോഴും പ്രവചിച്ചുകൊണ്ടിരുന്നു അവനിൽ ഒരു ദുരാത്മാവ് ഉണ്ടായിരുന്നിട്ടും! എന്നാൽ ഈ മനുഷ്യൻ ഒരു കാലത്ത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുകയും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും, അവൻ ഇപ്പോൾ ജഡത്തിൽ നിന്ന് നേരിട്ട് സംസാരിക്കുകയായിരുന്നു! ആത്മാവിന്റെ സാക്ഷ്യം ഉണ്ടെങ്കിൽ, അഹങ്കാരിയായ അധ്യാപകനെയോ പ്രസംഗകനെയോ നിങ്ങൾക്ക് തുറന്നു കാട്ടാം.

നിങ്ങളുടെ ആത്മാവിനെ എല്ലാ കോപത്തിൽ നിന്നും കൈപ്പിൽ നിന്നും മോചിപ്പിക്കാൻ ദൈവത്തോട് നിലവിളിക്കുക. നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് അവ ഉപേക്ഷിക്കുക. എല്ലാറ്റിനും ഒരിക്കൽക്കൂടി ദൈവത്തിൽ ആശ്രയിക്കുക! നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തിന്റെ സമാധാനം നേടുക, അങ്ങനെ നിങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ സാക്ഷ്യം ലഭിക്കും. കൂടാതെ എല്ലാത്തിലും നിങ്ങളുടെ സാക്ഷിയും വഴികാട്ടിയുമാകാൻ പരിശുദ്ധാത്മാവിനെ ക്ഷണിക്കുക! ●

## 12 മിതഭാഷണം ആത്മീയന്റെ മുഖമുദ്ര

ഹൃദയത്തിൽ ബഹുമാനിക്കും. 'മോശെയെപ്പോലെ സൗമ്യനായ മനുഷ്യൻ ഭൂമുഖത്ത് വേറെ ഉണ്ടായിട്ടില്ല' എന്നുള്ള ദൈവത്തിന്റെ സാക്ഷ്യം തന്നെ വലിയ ഉദാഹരണം. ശിമെയി തന്നെ പരിഹസിച്ചപ്പോൾ 'അത് ദൈവം അവനെ അനുവദിച്ചിട്ടാണെന്ന്' മറുപടി പറഞ്ഞ ദാവീദ്രാജാവിന്റെ സൗമ്യത എത്രയോ ആദരണീയവും, അനുകരണാർഹവുമാണ്. അതിസൗമ്യനായിരുന്ന പൗലൊസ് തന്റെ വാക്ചാതുര്യത്തിന്റെ ബലഹീനതയെക്കുറിച്ച് ബോധവാനായി സ്വജീവിതത്തിൽ പ്രയോഗികമാക്കിക്കൊണ്ട് എഴുതി: 'കേൾക്കുന്നവരെ മറിച്ചു കളയുന്നതിനല്ലാതെ ഒന്നിനും കൊള്ളാത്ത വാഗ്വാദം ചെയ്യാതിരിക്കണമെന്ന് കർത്താവിനെ സാക്ഷിയാക്കി അവരെ അറിയിക്ക.' (2 തിമൊഥെയൊസ് 2:14) ആകയാൽ എന്തു പറയുന്നതിനു മുമ്പും നമുക്ക് നമ്മോടു തന്നെ ഇപ്രകാരം ചോദിക്കാം: 'ഈ കാര്യം പറയുന്നതുകൊണ്ട് എനിക്കോ, മറ്റുള്ളവർക്കോ, സമൂഹത്തിനോ, സഭയ്ക്കോ, ദൈവത്തിനോ പ്രയോജനമുണ്ടോ? ഉണ്ടെങ്കിൽ പറയാം, ഇല്ലെങ്കിൽ പറയാതിരിക്കാം.' ●

ന്നത്? അതിനൊരു ഡിസ്കോ ക്ലബ് തുടങ്ങിയാൽ പോരേ? (പല സഭകളും ഇന്ന് ഡിസ്കോ ക്ലബ് പോലെയേയുള്ളൂ). ഒരു കാര്യമോർക്കണം, യേശു ഭൂമിയിൽ വന്നത് മനുഷ്യർക്ക് ഇഷ്ടമുള്ളതു കൊടുക്കാനല്ല, മനുഷ്യർക്ക് 'ആവശ്യ'മുള്ളതു കൊടുക്കാനാണ്. മനുഷ്യർക്ക് ഇഷ്ടമുള്ളത് കൊടുക്കാനൊരു രാജാവുണ്ട്- ഈ ലോകത്തിന്റെ പ്രഭു!

പിറ്റേന്നു നേരം വെളുത്തു. ജനക്കൂട്ടം യേശുവിനെ തിരക്കി വരുന്നതാണു നാം കാണുന്നത്. തീർച്ചയായും ഇന്നലത്തെക്കാൾ കൂടുതൽ ആളുകൾ! എന്നാൽ അവരെ അത്ഭുതപ്പെടുത്തുന്നതായിരുന്നു അവിടുത്തെ അനുഭവം! അവരുടെ "രാജാവ്" അവരെ അവിടെ കാത്തിരുന്നില്ല. ശിഷ്യന്മാരുമില്ല! ആരൊക്കെയോ പറഞ്ഞു: ശിഷ്യന്മാർ അക്കരയ്ക്കു പോയി... എന്നാൽ യേശു അവരോടുകൂടെ പോയില്ല (യോഹന്നാൻ 6:22). അപ്പോൾ യേശു എവിടെ? അവർ ആളെവിട്ട് അവിടെയുള്ള എല്ലാ മലകളിലും യേശുവിനെ അന്വേഷിച്ചു കാണണം.

യേശു അവിടെയില്ല എന്നറിഞ്ഞപ്പോൾ പലരും മടങ്ങിപ്പോയിരിക്കണം. എന്നാൽ മിക്കവരും അവിടെത്തന്നെ നിന്നു. അപ്പോഴാണ് തിബെര്യാസിൽ നിന്ന് ചില ചെറുപടകുകളെത്തിയത് (യോഹന്നാൻ 6:22). ഒരുപക്ഷെ അവർ പറഞ്ഞുകാണണം: നിങ്ങൾ തിരക്കുന്ന യേശു അതാ അക്കരെയുണ്ട്... കൂടെ ശിഷ്യന്മാരുമുണ്ട്. പുരുഷാരം ഒരുമിച്ചുകൂടി "യേശുവിനെ നമുക്കു വേണം" അവർ പറഞ്ഞു. "അവനെ നമുക്ക് മടക്കിക്കൊണ്ടുവരണം... നമ്മുടെ വിശപ്പുമാറ്റാൻ അവനു കഴിയും... നമുക്കു സമൃദ്ധി നൽകാൻ യേശുവിനേ കഴിയൂ... യേശു നമ്മുടെ രാജാവായിരിക്കണം!" അവർ പ്രതിനിധികളെ തെരഞ്ഞെടുത്ത് യേശുവിനെ തിരികെ കൊണ്ടുവരാനുള്ള ഏർപ്പാടുകൾ ചെയ്തു. പ്രതിനിധികൾ ചെറുപടകുകളിൽ കയറി അക്കരെയെത്തി (യോഹന്നാൻ 6:24).

കഫർന്നഹൂമിൽ യേശുവിനെ കണ്ടതും അവർ ആവേശഭരിതരായി: ഗുരോ, എന്തുപണിയാണീ കാണിച്ചത്? ഞങ്ങൾ നിന്നെ അന്വേഷിച്ചെത്തിയപ്പോൾ നീ ഞങ്ങളെ ഉപേക്ഷിച്ച് ഇങ്ങോട്ടു പോന്നോ?(യോഹന്നാൻ6:26) ഞങ്ങൾക്കു നിന്നെ വേണം! ജനങ്ങൾ ആവേശത്തോടെ കാത്തിരിക്കുകയാണ്. നീയാണു ഞങ്ങളുടെ രാജാവ്. ഇന്നലെത്തന്നെ കിരീടധാരണം നടത്താൻ ഞങ്ങൾ ഒരുങ്ങിയതാണല്ലോ... നീ എന്താണ് ഞങ്ങളെ ഒഴിഞ്ഞുപോയത്? ഞങ്ങൾ നിന്നെ അത്രപെട്ടെന്നൊന്നും വിട്ടുകളയുമെന്നു ചിന്തിക്കേണ്ട. യേശു ഞങ്ങടെ നേതാവ്! യേശു ഞങ്ങടെ രാജാവ്! ഒരു പക്ഷെ അവർ മുദ്രാവാക്യവും മുഴക്കിക്കാണണം.

എന്തായിരുന്നു യേശുവിന്റെ പ്രതികരണം? എനിക്കറിയാം നിങ്ങൾ എന്തിനാണ് എന്നെ ഇത്രയധികം അന്വേഷിച്ചത്? "നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടാണ് എന്നെ അന്വേഷിക്കുന്നത്" (യോഹന്നാൻ 6:26).പുരുഷാരം 'അടയാളം' കണ്ടില്ല എന്നു പറയുന്നത് ശരിയാണോ? "യേശു രോഗികളിൽ ചെയ്യുന്ന 'അടയാളം' കണ്ടിട്ടാണ്" വലിയ പുരുഷാരം യേശുവിന്റെ പിന്നാലെ ചെന്നത് (യോഹന്നാൻ 6:2). യേശു ചെയ്ത 'അടയാളം' കണ്ടിട്ടാണ് യേശുവിനെ "ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ" എന്നു പറഞ്ഞത് (യോഹന്നാൻ 6:14).

അവർ കണ്ടത് രണ്ട് അടയാളങ്ങളാണ്: രോഗസൗഖ്യം, വിശപ്പിന് ആഹാരം. എന്നാൽ കാണേണ്ടിയിരുന്ന അടയാളം യേശു അവരെ പാപങ്ങളിൽ നിന്ന് എങ്ങനെ വിടുവിക്കുമെന്നായിരുന്നു! രോഗം സൗഖ്യമാക്കുന്ന, വിശപ്പിന് ആഹാരം തരുന്ന യേശുവിനെ അവർക്ക് ഇഷ്ടവുമായിരുന്നു... എന്നാൽ അവരുടെ പാപജീവിതത്തെ വലിച്ചുകീറിക്കളയുന്ന, അവരുടെ ആത്മാവിന് ശുദ്ധി വരുത്തുന്ന, അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന, അവരെ ഭരിക്കുന്ന ഒരു യേശുവിനെ അവർ പ്രതീക്ഷിച്ചില്ല!

യേശു ഇന്ന് അപകടകരമായ രീതിയിൽ ജനസമ്മതനാണ് എന്ന് ടോസർ പറഞ്ഞിട്ടുണ്ട്. അപ്പം തരുന്ന, കടം വീട്ടുന്ന, സൗഖ്യം തരുന്ന യേശു ജനസമ്മതനാണ്. പരിപോഷകനായ യേശുവിനെ രാജാവാക്കാൻ ആളുകൾ തയ്യാറാണ്. ഭരണകർത്താവായി അംഗീകരിക്കാൻ തയ്യാറല്ലെന്നു മാത്രം! യേശു അവരോടു പറഞ്ഞു: "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല; നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ" (യോഹന്നാൻ 6:27).

യേശു ഇന്നലെ അയ്യായിരം പുരുഷന്മാർക്ക് കൊടുത്ത ആഹാരത്തെപ്പറ്റിത്തന്നെ അവിടുന്നു

പറയുന്നത് "നശിച്ചുപോകുന്ന" ആഹാരം എന്നാണ്. വിശപ്പിനുള്ള ആഹാരം, യേശു തരുന്നതാണെങ്കിലും - അത്ഭുതപ്രവൃത്തിയാൽ- ലഭിച്ചതാണെങ്കിലും അത് 'നശിച്ചുപോകുന്ന' ആഹാരമാണ്. അത് നശിച്ചുപോകുന്നതായതുകൊണ്ടാണല്ലോ തലേന്നു മൂക്കുമുട്ടെ തിന്നിട്ടും പിറ്റേന്നു രാവിലെ തന്നെ അവർ ആഹാരം തിരിക്കിയിറങ്ങിയത്.

ആഹാരമോ വസ്ത്രമോ ജോലിയോ പണമോ എന്തായാലും - അത് യേശു അത്ഭുതം ചെയ്തു നൽകിയതാണെങ്കിലും- ഭൂമിയിലെ സകലസമൃദ്ധിയും നശിച്ചുപോകുന്നതാണ്. യേശു തരുന്ന രോഗസൗഖ്യവും താൽക്കാലികമാണ്. ഒരു രോഗം സൗഖ്യമായവന് പിന്നീട് മറ്റൊരു രോഗം വരാം. രോഗസൗഖ്യം അവിടെ നിൽക്കട്ടെ... യേശു മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച ലാസർ പിന്നീട് വീണ്ടും മരിച്ചില്ലെ? അതങ്ങനെയാണ്, ലൗകികമായതിലെല്ലാം ദൈവം 'ദ്രവത്വം' ഒളിപ്പിച്ചുവെച്ചിട്ടുണ്ട് (റോമർ 8:20). കാരണം, കാണുന്നതു താൽക്കാലികം കാണാത്തതു മാത്രമാണ് നിത്യം.

ഭൗതികയാഥാർഥ്യങ്ങൾ താൽക്കാലിക യാഥാർഥ്യങ്ങളാണ്. രോഗം ഒരു താൽക്കാലിക യാഥാർഥ്യമാണ്. ഈ ലോകജീവിതം ഒരു താൽക്കാലിക യാഥാർഥ്യമാണ്. അതിനാൽ മരിച്ചവരിൽ നിന്ന് ഒരാൾ എഴുന്നേറ്റു വന്നാൽ ഭൂമിയിലേക്കുള്ള ഉയിർപ്പും ഒരു താൽക്കാലിക യാഥാർഥ്യമാണ്. കാരണം അവർ വീണ്ടും മരിക്കും... നിത്യത മാത്രമാണ് നിലനിൽക്കുന്ന യാഥാർഥ്യം. വിശപ്പ് ഒരു താൽക്കാലിക യാഥാർഥ്യമാണ്. അതിനാൽ ആഹാരവും ഒരു താൽക്കാലിക യാഥാർഥ്യമാണ്. അതിനാൽ യേശു പറയുന്നു: "നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ..." (യോഹന്നാൻ 6:27).

എന്താണ് നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരം? അത് യേശുവാണ്- യേശു മാത്രം. യേശുവിന്റെ കയ്യിൽനിന്ന് അപ്പം വാങ്ങി തിന്നപ്പോൾ അതിനപ്പുറത്ത് യേശുവാണ് നിത്യജീവൻ തരുന്ന ആഹാരമെന്ന് ജനം തിരിച്ചറിയണമായിരുന്നു. അതാണ് യഥാർഥ അടയാളം. ഇന്നത്തെയും പ്രശ്നം ഇതാണ്. ജനം രോഗികളിൽ യേശു ചെയ്യുന്ന അടയാളം കാണുന്നു. വിശക്കുന്നവരിൽ ചെയ്യുന്ന അടയാളം കാണുന്നു. കടക്കാരിൽ ചെയ്യുന്ന അടയാളം കാണുന്നു. എന്നാൽ നിത്യമരണത്തിലേക്കു പോകുന്ന പാപികളിൽ യേശു ചെയ്യുന്ന അടയാളം അവർക്കു നിത്യജീവനെ നൽകുന്നത് അതുമാത്രം ആരും കാണുന്നില്ല. "അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും"(യോഹന്നാൻ 6:27). എന്താണിതിനർഥം? യേശു പറയുന്നു: ഇന്നലെ ഞാൻ അയ്യായിരം പേർക്ക് ഭക്ഷണം തന്നു. അതിനിപ്പോൾ ഞാൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവരേണ്ട കാര്യമൊന്നുമില്ലായിരുന്നു... ഹെരോദാവിനു വേണമെങ്കിലും അതുചെയ്യാം. പീലാത്തോസ് നിശ്ചയിച്ചാൽ ഒരു പക്ഷെ 50,000 പേർക്കു ഭക്ഷണം കൊടുക്കാം. റോമൻ കൈസർ നിരൂപിച്ചാൽ 5,00,000 പേർക്ക്...

എന്നാൽ നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിന്റെ കാര്യം അതല്ല. അതു തരാൻ ഹേരോദാവിനും പീലാത്തോസിനും കൈസർക്കും കഴിയില്ല. അതിനു കഴിയുന്നത് മനുഷ്യപുത്രനു മാത്രം. ജഡാവതാരം ചെയ്ത ദൈവം -യേശു - എന്ന അർഥത്തിലാണ് ഇവിടെ മനുഷ്യപുത്രൻ എന്നു പറയുന്നത്. മനുഷ്യനായിത്തീർന്ന ദൈവപുത്രൻ. അവനു മാത്രമേ നിത്യജീവൻ നൽകാൻ കഴിയൂ.

ബിൽഗേറ്റ്സിന് തീർച്ചയായും നിങ്ങൾക്കൊരു ചായ വാങ്ങിത്തരാൻ കഴിയും. എന്നാൽ ചായ വാങ്ങിത്തരാൻ കഴിയുന്ന ആയിരക്കണക്കിനു ആളുകൾ നിങ്ങൾക്ക് ചുറ്റുമുണ്ട്. അതേസമയം, മൈക്രോസോഫ്റ്റിൽ പങ്കാളിത്തം നൽകാൻ നിങ്ങളുടെ ചുറ്റമുള്ള സാധാരണക്കാർക്ക് കഴിയില്ല. അതിന് ബിൽഗേറ്റ്സ് തന്നെ വേണം! ശരീരസൗഖ്യവും സുഖസമൃദ്ധിയും ജോലിയും കടമുക്തിയുമൊക്കെ തരാൻ യേശുവിനും കഴിയും. മറ്റു പലർക്കും കഴിയും.

എന്നാൽ നിത്യജീവൻ നൽകാൻ യേശുവിന് മാത്രമേ കഴിയൂ. യേശുവിനെ പരിപോഷകനായി മാത്രം അറിയുന്നത് നിർത്തുക... യേശുവിനെ ഭരണകർത്താവാക്കുക! യേശു എന്റെ രാജാവ്; എന്റെ കർത്താവ്! യേശുവിന്റെ കർത്തൃത്വമാണ്- യേശുവിന്റെ ഭരണത്തിൻ കീഴിലായിരിക്കുകയാണ് നിത്യജീവനിലേക്കു കടക്കാനുള്ള ഏക മാർഗം. യേശു നമ്മുടെ പരിപോഷകൻ മാത്രമല്ല ഭരണകർത്താവുമാണെന്ന് നമുക്ക് വിശ്വസിച്ചു അംഗീകരിച്ചു ഏറ്റുപറയാം. നമ്മുടെ ആത്മാവിനെയും ശരീരത്തെയും ജീവനെയും അവിടുന്നു തന്നെ നിയന്ത്രിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

•

# എയർലൈൻ അപകടം: ചില മുന്നറിയിപ്പുകൾ



അന്തർദേശീയ തലത്തിൽ ഏറ്റവും നല്ല എയർലൈൻസിൽ ഒന്നാണ് സിംഗപ്പൂർ എയർലൈൻസ്. വിമാനങ്ങൾ ആകാശത്തിലൂടെ പറക്കുമ്പോൾ ഇടയ്ക്കിടയ്ക്ക് അന്തരീക്ഷത്തിലെ മർദ്ദവ്യത്യാസം കൊണ്ടൊക്കെ വലിയ കുലുക്കം അനുഭവപ്പെടാറുണ്ട്. ചിലപ്പോൾ വിമാനം അതിവേഗത്തിൽ താഴേക്ക് പോരും. സാധാരണ ഗതിയിൽ ഇത് മുൻകൂട്ടി അറിയാനുള്ള സംവിധാനങ്ങൾ വിമാനത്തിൽ ഉണ്ട്. അതറിഞ്ഞു ക്യാപ്റ്റൻ സീറ്റ് ബെൽറ്റ് ഇടാൻ നിർദ്ദേശം നൽകും. പക്ഷെ ചിലപ്പോഴെങ്കിലും ഒട്ടും മുന്നറിയിപ്പില്ലാതെ ഈ സാഹചര്യം ഉണ്ടാകും. അതുകൊണ്ടാണ് സീറ്റ് ബെൽറ്റ് ഇടാൻ നിർദ്ദേശം ഇല്ലാത്തപ്പോഴും ലൂസ് ആയി സീറ്റ് ബെൽറ്റ് കുരുക്കിയിടാൻ പൈലറ്റുമാർ നിർദ്ദേശിക്കുന്നത്. മിക്കവാറും പേർ ഇത് പാലിക്കാറില്ല.ഇത്തരം ഒരു സാഹചര്യമാണ് ഈ അപകടത്തിലേയ്ക്ക് പതിക്കുവാൻ കാരണം.

ഇരുന്നൂറ്റി പതിനൊന്നു യാത്രക്കാരുമായി ലണ്ടനിൽ നിന്നും സിംഗപ്പൂരിലേയ്ക്ക് വന്നുകൊണ്ടിരുന്ന വിമാനം മ്യാന്മറിന് മുകളിൽ വച്ച് പെട്ടെന്ന് വായു പ്രക്ഷുബ്ധതയിൽ (ടർബുലൻസിൽ) പെട്ടു. മുപ്പതിനായിരം അടി ഉയരത്തിൽ പറന്നിരുന്ന വിമാനം ഒറ്റയടിക്ക് എണ്ണായിരത്തോളം അടി താഴേക്ക് വന്നു എന്നാണ് വാർത്ത. മുൻകൂട്ടി വാണിംഗ് ഒന്നും ഉണ്ടായില്ല. ആ സമയത്ത് സീറ്റ് ബെൽറ്റ് ഇടാതിരുന്നവർ ഒക്കെ മുകളിലേക്ക് ഉയർന്നുപൊങ്ങി തല മുകളിൽ മുട്ടി. അനവധി ആളുകൾക്ക് പരിക്കേറ്റു, ചിലർക്ക് ഗുരുതരമായും. ഒരാൾ മരണമടയുകയും ചെയ്തു. വിമാനയാത്ര ചെയ്യുന്ന യാത്രക്കാർ ശ്രദ്ധിക്കുക. ഒരു വിമാനയാത്രയും പൂർണ്ണമായി സുരക്ഷിതമല്ല. പക്ഷെ പൈലറ്റ് നൽകുന്ന നിർദ്ദേശങ്ങൾ നൂറു ശതമാനം പാലിക്കുക. സീറ്റ് ബെൽറ്റ് സൈൻ ഇല്ലെങ്കിൽ പോലും സീറ്റിലിരിക്കുന്ന യാത്രക്കാർ അത് ലൂസ് ആയിട്ടെങ്കിലും കുരുക്കിയിടുക, ഉറങ്ങുമ്പോൾ പോലും. ഈ അപകടം സിംഗപ്പൂർ എയർ ലൈനും മാധ്യമങ്ങളും കൈകാര്യം ചെയ്യുന്ന രീതിയും ഒന്ന് ശ്രദ്ധിക്കേണ്ടതാണ്. അപകടം നടന്ന വിമാനവും ഗുരുതരമായി പരിക്കേൽക്കാത്ത യാത്രക്കാരുമായി വിമാനം സിംഗപ്പൂരിലേക്ക് തിരിച്ചു പോവുകയുണ്ടായി. ഇത് ദേശീയ, അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതും ഏവരും ഭയത്തോടെ വായിച്ചതുമായ ഒരു വാർത്തയാണ്.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും നാം എല്ലായ്പ്പോഴും ശ്രദ്ധാലുക്കൾ ആയിരിക്കണം, നിതാന്ത ജാഗ്രത പുലർത്തണം എന്ന മുന്നറിയിപ്പുകളാണ് നാം വരികൾക്കിടയിൽ വായിക്കേണ്ടത്. ഐഹിക ജീവിതത്തിൽ ഇത്രത്തോളം ജാഗ്രത അനിവാര്യമെങ്കിൽ ആത്മിക ജീവിതത്തിൽ എത്രയധികം? ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു നിങ്ങളുടെ മനസ്സ് വഷളായി പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു എന്ന് പൗലോസ് അപ്പോസ്തലൻ നൽകുന്ന മുന്നറിയിപ്പ്, നിസ്സാരങ്ങളെന്നു നാം വിചാരിക്കുന്ന കാര്യങ്ങളിൽ നിന്നുപോലും നമ്മെത്തന്നെ സൂക്ഷിക്കണം എന്ന സുപ്രധാനമായ മുന്നറിയിപ്പും താക്കീതും ആണ്. മനസ്സിന്റെ ഏകാഗ്രത നഷ്ടപ്പെട്ട് ക്രിസ്തുവിനെയും അവിടുത്തെ ഉപദേശങ്ങളെയും ഒരു നിമിഷം വിസ്മരിച്ചാൽ നാം ചെന്ന് പതിക്കുന്നത് മനസ്സ് വഷളാകുന്ന അവസ്ഥയിലേക്കാണ്. വഷളായ മനസ്സിൽ നിന്നുയരുന്ന ചിന്തകൾ വഷളായതായിരിക്കും എന്നത് ഗൗരവതരമായ കെണികളിലും കുടുക്കുകളിലും ചതിക്കുഴികളും നിപതിക്കുവാൻ കാരണമാകും. വചനസത്യങ്ങളാകുന്ന ബെൽറ്റ് അരയ്ക്കു കെട്ടിക്കൊണ്ടാകണം മോക്ഷയാത്രയുടെ ഓരോ നിമിഷങ്ങളും ചലനങ്ങളും. വചനം നിർദ്ദേശിക്കുന്ന ശരിയായ ട്രാക്കിൽ നിന്ന് ഇടത്തോട്ടോ വലത്തോട്ടോ അണുവിടപോലും മാറാതെ ഓരോ കാൽചുവടുകളും സൂക്ഷ്മതയോടെ വയ്ക്കണം. അല്ലെങ്കിൽ വലിയ പാതാളക്കുഴിയിൽ നിപതിക്കുവാനിടയായേക്കാം. •

# പരിശുദ്ധാത്മാവോ വേറൊരാത്മാവോ?

പരിശുദ്ധാത്മാവിന്റെ ആളത്വത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും പുതിയ നിയമത്തിൽ ആദ്യം ഓർമ്മിപ്പിക്കുന്നത് ദൈവപുത്രനായ ക്രിസ്തു തന്നെയാണ്. അവിടുന്ന് തന്റെ ശിഷ്യഗണത്തോട് പറഞ്ഞതിങ്ങനെ: 'ഞാൻ പിതാവിനോട് ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും' (യോഹന്നാൻ 14: 16). പരിശുദ്ധാത്മാവാം ദൈവമാണ് നമ്മുടെ ഉള്ളിൽ വസിച്ച് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്നത്. പരിശുദ്ധാത്മാവിന്റെ മറ്റൊരു പേര് ക്രിസ്തുവിന്റെ ആത്മാവ് എന്നു തന്നെയാണ്.

സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് തൊട്ടുമുമ്പും കർത്താവ് അരുമ ശിഷ്യന്മാരോട് പറഞ്ഞത് പരിശുദ്ധാത്മാവിലൂടെയുള്ള സാക്ഷികരണത്തെക്കുറിച്ചായിരുന്നുവല്ലോ? 'എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെറുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും' (അപ്പോസ്തല പ്രവർത്തികൾ 1: 8). പരിശുദ്ധാത്മാവ് ശുദ്ധിയുള്ള ശരീരത്തിലും വ്യക്തിത്വത്തിലും മാത്രമേ പരിവർത്തിക്കുകയുള്ളൂ എന്ന കാര്യം മറക്കരുത്. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടുപോകുന്ന ഏതും വേറൊരു ആത്മാവും വേറൊരു സുവിശേഷവും ആണെന്ന് പൗലോസും വ്യക്തമാക്കി. അത്തരം അനുഭവങ്ങളെ കണ്ടുകൊണ്ടാണ് ഗലാത്യയിലെ വിശ്വാസികളോട് പോൾ ചോദിക്കുന്നത് 'ആത്മാവുകൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഡത്തിലോ സമാപിക്കുന്നത്'?

ആത്മാവ് കൊണ്ട് പ്രാർത്ഥിക്കാതെയും, ക്രിസ്തുയേശുവിൽ പ്രശംസിക്കാതിരിക്കുകയും ജഡത്തിൽ ആശ്രയിക്കുകയും ചെയ്യുന്ന ഏതു സാക്ഷീകരണവും ശുശ്രൂഷകളും അത് മറ്റൊരു ആത്മാവിന്റെ പ്രദർശനമാണെന്ന് നിസ്സംശയം പറയാം.

പണമാകുന്ന മാമോൻ ഉപാസകരുടെ വർഷിപ്പ് സെൻററുകൾ മിക്കപ്പോഴും ഈ ലോകത്തിന്റെ പ്രഭുവിന്റെ കൊമേർഷ്യൽ സെൻററുകൾ തന്നെയാണ്. ആത്മാവിനെ അനുസരിച്ച് നടക്കുന്നവരുടെ എക്കാലത്തെയും ലക്ഷണം ആത്മാവിന്റെ ഫലം പുറപ്പെടുവിക്കലാണ്! ക്രിസ്തുവിനോടുള്ള അദമ്യമായ അടുപ്പത്തിൽനിന്നും ആഴമുള്ള വിശുദ്ധിയിൽ നിന്നും വ്യതിചലിക്കുന്ന എന്തും വ്യത്യസ്ത ആത്മാവിൽ നിന്നുള്ള ജഡത്തിന്റെ രാഗമോഹങ്ങളുമാണ്. നാം സത്യാത്മാവിന്റെ സാക്ഷികളോ അതോ മറ്റൊരാത്മാവിന്റെ വിധേയരോ?

–എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.06.2024


NERVEEDHI -JUNE 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025


PUBLICATIONS

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ













ഇപ്പോൾ
ലഭ്യമാണ്

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336,8547916678

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App
SIB Mirror+
Paytm amazon pay MobiKwik


*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.